മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ (*211)

**വേമ്പനാട് കായൽസംരക്ഷണം**

1 (*211) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീമതി ദെലീമ:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വേമ്പനാട് കായൽ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കായലിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) വേമ്പനാട് കായൽ ഇക്കോസിസ്റ്റം സംബന്ധിച്ച് കുഫോസിന്റെ പഠന റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ,

(എ) വേമ്പനാട് കായലിന്റെ സ്വാഭാവിക ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിന്റെയും സംരക്ഷിക്കുന്നതിന്റെയും ഭാഗമായി വേമ്പനാട് കായലിലേക്ക് ഒഴുകി വരുന്ന കനാലുകളുടെയും തോടുകളുടെയും നവീകരണവും അറ്റകുറ്റപ്പണിയും ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കിവരുന്നു.

വേമ്പനാട് കായലിന്റെയും ബന്ധപ്പെട്ട തോടുകളിലെയും എക്കൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് കായലിന്റെ പരിസ്ഥിതി സംരക്ഷിക്കുന്നതിനും അതിന്റെ ആവാസ വ്യവസ്ഥ നിലനിർത്തുന്നതിനും കായലിലെ ഒഴുക്ക് തടസ്സം കൂടാതെ പുനഃസ്ഥാപിക്കുന്നതിനും അതോടൊപ്പം വേമ്പനാട് കായലിനെ ആശ്രയിച്ച് കഴിയുന്ന മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗം ഉറപ്പുവരുത്തുന്നതിനുമെല്ലാം ലക്ഷ്യമിട്ടുകൊണ്ട് വേമ്പനാട് കായൽ പാരിസ്ഥിതിക പുനഃസ്ഥാപന യജ്ഞം എന്ന പ്രോജക്ട് നടപ്പാക്കുന്നതിന് സർക്കാർതലത്തിൽ തീരുമാനമെടുത്തതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ വയലാർ, നെടുമുടി, തുറവൂർ, മുഹമ്മ, തൈക്കാട്ടുശ്ശേരി, വെളിയനാട്, മണ്ണഞ്ചേരി, അരുക്കുറ്റി, പെരുമ്പളം എന്നിവിടങ്ങളിൽ പഞ്ചായത്ത് കനാൽ നവീകരണം, വേമ്പനാട് കായലിന്റെ നൈസർഗിക

ഒഴുക്ക് തടസ്സം നീക്കൽ, കുട്ടനാട് പാടശേഖര സംരക്ഷണം, ജീവികളുടെ ആവാസ വ്യവസ്ഥ പരിപാലിക്കൽ, കായൽ മത്സ്യബന്ധന പ്രവൃത്തികൾ എന്നിവയുൾപ്പെടുത്തി 2020-21 വർഷം 43,51,721/-രൂപയുടെ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി അരൂർ പഞ്ചായത്തിലെ മൂന്ന് കനാലുകൾ നവീകരിക്കുന്നതിനായി 17 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ, മത്സ്യഫെഡുമായി കൂടിച്ചേർന്ന് 2020-21 വർഷം വേമ്പനാട് കായലിലെ പോളപ്പായൽ, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ 250 മത്സ്യത്തൊഴിലാളികൾ ചേർന്ന് നീക്കം ചെയ്യുകയും ഒരു സംഘത്തിന് 66,000/-രൂപ വീതം ആകെ 6,60,000/-രൂപ 10 സംഘങ്ങൾക്ക് മാറി നൽകുകയും ചെയ്തിട്ടുണ്ട്. 2022-2023 സാമ്പത്തിക വർഷം ആലപ്പുഴ, കോട്ടയം ജില്ലകളിലെ വേമ്പനാട് കായലുമായി ബന്ധപ്പെട്ട പഞ്ചായത്ത് കനാലുകളുടെയും തോടുകളുടെയും പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി 99.17 ലക്ഷം രൂപ അനുവദിക്കുകയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിലെ എഴുപുന്ന, തൈക്കാട്ടുശ്ശേരി, വയലാർ ഗ്രാമപഞ്ചായത്തുകളിലെ വേമ്പനാട് കായലുമായി

ബന്ധപ്പെട്ട തോടുകളുടെയും കനാലുകളുടെയും നവീകരണത്തിനും പുനരുദ്ധാരണത്തിനും ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതിൻപ്രകാരം എഴുപുന്ന പഞ്ചായത്തിലെ തോടുകളുടെയും കനാലുകളുടെയും നവീകരണത്തിനായി 35,15,932/-രൂപയും വയലാർ പഞ്ചായത്തിലെ കനാലുകൾക്കായി 8,15,183/-രൂപയും ചേർത്ത് ആകെ 43,31,115/രൂപ അനുവദിച്ചിട്ടുണ്ട്. ഫണ്ടിന്റെ അഭാവം കാരണം ഭരണാനുമതിപ്രകാരമുള്ള ബാക്കി തുക പ്രസ്തുത വർഷം അനുവദിക്കാനായില്ല. തുടർന്ന് നടപ്പ് സാമ്പത്തിക വർഷം വയലാർ പഞ്ചായത്തിലെ അവശേഷിക്കുന്ന പ്രവൃത്തികൾക്കായി 20 ലക്ഷം രൂപയും തൈക്കാട്ടുശ്ശേരി പഞ്ചായത്തിലെ പ്രവൃത്തികൾക്കായി 30 ലക്ഷം രൂപയും അനുവദിച്ചുനൽകി. ടി പ്രവൃത്തികൾ നടപ്പാക്കുന്നതിലൂടെ വേമ്പനാട് കായലിലേക്കുള്ള ജലത്തിന്റെ സ്വതന്ത്രവും സ്വാഭാവികവുമായ ഒഴുക്ക് ഉറപ്പാക്കാനും വെള്ളപ്പൊക്കംമൂലമുള്ള അപകടങ്ങൾ ഒഴിവാക്കാനും കഴിയും. നീരൊഴുക്ക് വർധിക്കുന്നതിലൂടെ മത്സ്യ സമ്പത്ത് വർധിക്കുകയും ആയത് മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിര തൊഴിൽ സാധ്യതയ്ക്കും വരുമാന വർധനവിനും സഹായകമാകും.

നടപ്പ് സാമ്പത്തിക വർഷം വേമ്പനാട് കായലുമായി ബന്ധപ്പെട്ട

തോടുകളുടെയും കനാലുകളുടെയും നവീകരണത്തിനായി ഒരു കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. അതിൻപ്രകാരം ആലപ്പുഴ, കോട്ടയം ജില്ലകളിലെ വേമ്പനാട് കായലുമായി ബന്ധപ്പെട്ട തോടുകളുടെ/കനാലുകളുടെ നവീകരണത്തിനായി ഒരു കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വേമ്പനാട് കായൽ സംരക്ഷണത്തിന്റെ ഭാഗമായി, അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഊന്നിക്കുറ്റികൾ നീക്കം ചെയ്യുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ, വേമ്പനാട് കായലിന്റെ വിവിധ പ്രദേശങ്ങളിലായുള്ള ചെളിയും/എക്കലും നീക്കം ചെയ്യുന്നതിന് ജലവിഭവ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

വേമ്പനാട് കായലിന്റെ വിവിധ പ്രദേശങ്ങളിലായി ഏകദേശം 50 ലക്ഷം m3 ചെളിയും/എക്കലും നീക്കം ചെയ്യേണ്ടതുണ്ട്. അതിൽ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ റെയിൽ പാലത്തിന്റെ സമീപത്തായി മാത്രം (1 km U/S and 2 km D/S) 25.15 ലക്ഷം m3 ചെളിയും/എക്കലും നീക്കം ചെയ്യേണ്ടതുണ്ട്. പ്രസ്തുത സ്ഥലത്തെ 25750 m3 എക്കലും ചെളിയും അടിയന്തരമായി നീക്കം ചെയ്യുന്നതിനായി ടേൺകീ അടിസ്ഥാനത്തിൽ

നടപ്പാക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, ആലപ്പുഴ ജില്ലയിൽ കുട്ടനാട്ടിലെ വെള്ളക്കെട്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എ.സി. കനാൽ ഉൾപ്പെട്ട വിവിധ കനാലുകളുടെ ആഴംകൂട്ടി തീരസംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി "Restoration of Eco System of Kuttanad in Alappuzha District-Phase I" എന്ന പദ്ധതിയിലുൾപ്പെടുത്തി 59.213 കോടി രൂപയുടെ DPR-ഉം, Restoration of Eco system of Vembanad Lake and surrounding water bodies leading to the lake in Aroor LAC എന്ന പദ്ധതിയുടെ 28.79 കോടി രൂപയുടെ DPR-ഉം തയ്യാറാക്കിയിട്ടുണ്ട്. ഇടക്കൊച്ചി അരൂർ ബ്രിഡ്ജ് മുതൽ പെരുമ്പടപ്പ് കുമ്പളങ്ങി ബ്രിഡ്ജ് വരെയുള്ള ഭാഗത്ത് ഏകദേശം 236250m3-ഉം പെരുമ്പടപ്പ് കുമ്പളങ്ങി ബ്രിഡ്ജ് മുതൽ കണ്ണമാലി സൈഡുവരെ ഏകദേശം 112500m3 എക്കലും ചെളിയും നീക്കം ചെയ്യേണ്ടതുണ്ട്. പ്രസ്തുത പ്രവൃത്തികളും ടേൺകീ അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. 28-11-2024-ലെ സ.ഉ.(കൈ) നം.7/2024/CSIND പ്രകാരം വേമ്പനാട് കായലിലെ ദേശീയ ജലപാതയിലുൾപ്പെട്ട പ്രദേശത്തുനിന്നും spoil ഡ്രഡ്ജ് ചെയ്തെടുത്ത് ദേശീയപാത 66-ന്റെ വികസനത്തിന് ഉപയോഗിക്കുന്നതിന്

അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രദേശം ദേശീയ ജലപാതയുടെ ഫീഡർ ചാനൽ ആയതിനാൽ ടി സർക്കാർ ഉത്തരവ് മാതൃകയാക്കി മേല്പറഞ്ഞ കായൽ പ്രദേശത്തെ അമിതമായി അടിഞ്ഞുകൂടിയ എക്കലും ചെളിയും ഡ്രഡ്ജ് ചെയ്ത് സമാനരീതിയിൽ NHAI-യുടെ പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്താവുന്നതാണോയെന്ന് പരിശോധിച്ചുവരുന്നു.

(ബി) ജല ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനും മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനും അവയുടെ സംരക്ഷണത്തിനുമായി Integrated Fishery Resource Management in Inland Aquatic Ecosystem Project എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 8 ജലാശയങ്ങളിൽ നടപ്പാക്കിവരുന്ന പ്രസ്തുത പദ്ധതിയിൽ വേമ്പനാട് കായലും ഉൾപ്പെടുന്നു.

വേമ്പനാട് കായലിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യകുഞ്ഞുങ്ങളുടെ ഉൽപാദനം വർധിപ്പിക്കുന്നതിനും പ്രകൃതി ദുരന്തങ്ങളിൽനിന്നും മണ്ണൊലിപ്പിൽനിന്നും തീരമേഖലയെ സംരക്ഷിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ വരുമാനവും ജീവിത നിലവാരവും മെച്ചപ്പെടുത്താൻ ഉതകുന്നതുമായ പദ്ധതികളാണ് Integrated

Fishery Resource Management in Inland Aquatic Ecosystem Project-ൽ വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതിയുടെ ഭാഗമായി ആകെ 14 മത്സ്യസങ്കേതങ്ങളും 11 കക്കാ റിലേയിംഗ് യൂണിറ്റുകളും ആലപ്പുഴ ജില്ലയിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, വേമ്പനാട് കായൽ ഉൾപ്പെടുന്ന കോട്ടയം ജില്ലയിൽ ടി പദ്ധതിയിലെ ഒരു ഘടകമായ പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപം എന്നതിലുൾപ്പെടുത്തി വിവിധ പ്രദേശങ്ങളായ വൈക്കം മുനിസിപ്പാലിറ്റിയിലെ ജങ്കാർ ജെട്ടിക്കടവ്, കുമരകം പഞ്ചായത്തിലെ നാലുപങ്ക് ടെർമിനൽ, വിജയപുരം പഞ്ചായത്തിലെ വട്ടമൂട് കടവ്, എരുമേലി പഞ്ചായത്തിലെ കൊരട്ടികടവ്, മുണ്ടക്കയം പഞ്ചായത്തിലെ ചാച്ചിക്കടവ് ചെക്ക്ഡാം, ഈരാട്ടുപേട്ട മുൻസിപ്പാലിറ്റിയിലെ ഈരക്കയം ചെക്ക്ഡാം എന്നീ പ്രദേശങ്ങളിൽ ഇതുവരെ റാഞ്ചിങ് നടത്തിയിട്ടുണ്ട്. ആയതിൽ ആകെ 215000 കരിമീൻ, 85000 പൂമീൻ, 36 ലക്ഷം കാരചെമ്മീൻ, 24 ലക്ഷം കാർപ്പ് തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ, പദ്ധതിയുടെ ഭാഗമായി മത്സ്യങ്ങൾക്ക് സുരക്ഷിതമായ പ്രജനനകേന്ദ്രങ്ങൾ ഉറപ്പാക്കുന്നതിനും കക്കാ സംരക്ഷിത പ്രദേശങ്ങൾ ഒരുക്കുന്നതിനുമുള്ള ലക്ഷ്യത്തോടെ വേമ്പനാട്ട്

കായലിലെ ചീപ്പുകൽ മാലിക്കായലിലും വെച്ചൂർ പുത്തൻകായലിലും 6 കക്കാ സങ്കേതങ്ങളും 6 മത്സ്യസങ്കേതങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിൽ സ്ഥാപിച്ച മത്സ്യ-കക്ക സങ്കേതങ്ങളുടെ കൃത്യമായ നിരീക്ഷണം പദ്ധതിയുടെ ഭാഗമായിതന്നെ അനുവദിച്ച പട്രോളിങ് ബോട്ടിൽ നടത്തിവരുന്നു. ഇതോടൊപ്പം അനധികൃത മത്സ്യബന്ധനം തടയുന്നതിലൂടെ മത്സ്യചൂഷണം ഒഴിവാക്കുന്നതിന് കായൽ പട്രോളിങ് നടത്തുകയും അനധികൃത മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ KIFA ACT (കേരള ഇൻലാൻഡ് ഫിഷറീസ് ആക്റ്റ്) പ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ ജനകീയാസൂത്രണം 2024-25 പദ്ധതിയിൽ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ വേമ്പനാട്ട് കായലിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന ജില്ലയിലെ 8 പഞ്ചായത്തുകളിൽ മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനായി 21.7 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെയും 81600 കരിമീൻ കുഞ്ഞുങ്ങളെയും നിക്ഷേപിച്ചിട്ടുണ്ട്.

(സി) വേമ്പനാട് കായൽ ഇക്കോസിസ്റ്റം സംബന്ധിച്ച് കുഫോസിന്റെ പഠന റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. വേമ്പനാട് കായലിന്റെ സമഗ്രമായ സംരക്ഷണം ലക്ഷ്യംവച്ചുകൊണ്ടുള്ള റിപ്പോർട്ട് ആയതിനാൽ

ഇതരവകുപ്പുകളുടെ സഹകരണംകൂടെ ആവശ്യമാണ്. എങ്കിലും മത്സ്യസമ്പത്തിന്റെ സംരക്ഷണം മുന്നിൽക്കണ്ടുകൊണ്ട് ഫിഷറീസ് വകുപ്പ് Integrated Fishery Resource Management in Inland Aquatic Ecosystem Project എന്ന പദ്ധതിയിലുൾപ്പെടുത്തി വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, ഉൾനാടൻ മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനുള്ള മത്സ്യസങ്കേതങ്ങൾ ഒരുക്കുന്ന പദ്ധതിപ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്?

ശ്രീ. സജി ചെറിയാൻ: സർ, വാമനപുരം (തിരുവനന്തപുരം), അഷ്ടമുടി (കൊല്ലം), വേമ്പനാട് (ആലപ്പുഴ, കോട്ടയം), കരുവന്നൂർ-ചേറ്റുവ (തൃശ്ശൂർ), കുറ്റ്യാടി (കോഴിക്കോട്), ധർമ്മടം-അഞ്ചരക്കണ്ടി (കണ്ണൂർ), കടലുണ്ടി (മലപ്പുറം) എന്നീ ജലാശയങ്ങളിലായി പദ്ധതി നടപ്പാക്കുന്നതിന് നടപ്പുവർഷം 333 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രദേശത്ത് മത്സ്യബന്ധനം നിരോധിക്കുകയും മത്സ്യപ്രജനനത്തിന് സഹായകരമാകുന്ന വസ്തുക്കൾ നിക്ഷേപിച്ച്, പ്രദേശം സംരക്ഷിക്കുകയും ചെയ്യുന്നു. ഇതിലൂടെ ഇവിടങ്ങൾ മത്സ്യത്തിന്റെ പ്രജനന കേന്ദ്രമായി മാറുന്നു. കൂടാതെ,

സംയോജിത മത്സ്യ വിഭവ പരിപാലന പദ്ധതിപ്രകാരം മത്സ്യ/കക്ക സംരക്ഷിത പ്രദേശങ്ങൾ വേർതിരിച്ച് ഒരുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, വേമ്പനാട് കായൽ ആവാസ വ്യവസ്ഥ സംബന്ധിച്ച് കുഫോസ് നടത്തിയ പഠനത്തിൽ ആവാസ വ്യവസ്ഥ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം നിർദേശങ്ങളാണുള്ളതെന്ന് വിശദീകരിക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, വേമ്പനാട് കായലിലെ ആവാസ വ്യവസ്ഥ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി ഫലപ്രദമായ പഠനമാണ് കുഫോസ് നടത്തിയത്. അതുസംബന്ധിച്ച റിപ്പോർട്ട് കുഫോസ് നൽകിയിട്ടുണ്ട്. അതിന്റെ ജലസംഭരണശേഷി മെച്ചപ്പെടുത്താൻ നദികളുടെയും തോടുകളുടെയും ഒഴുക്കിന്റെശേഷി മെച്ചപ്പെടുത്തൽ, ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, വിഭവ ലഭ്യത വർധിപ്പിക്കൽ, കായൽ പരിപാലന പദ്ധതികൾ എന്നിവ സംബന്ധിച്ചാണ് നിർദേശമുള്ളത്. അവ നടപ്പാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്.

ശ്രീമതി യു. പ്രതിഭ: സർ, വേമ്പനാട് കായലിന്റെ പുനരുജ്ജീവനം

ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന കാലത്താണ് ഈ ചോദ്യം സഭയിൽ വന്നത്. ഇന്ന് കുഫോസിന്റെ റിപ്പോർട്ട് അനുസരിച്ച് പ്ലാറ്റിക് മാലിന്യങ്ങൾ 77 ശതമാനത്തിലധികം അടിഞ്ഞുകൂടി എന്നും കായലിന്റെ ജലസംഭരണശേഷി കുറഞ്ഞുവെന്നതും ഏറ്റവും ശ്രദ്ധേയമായ കാര്യമാണ്. സമുദ്രത്തിൽനിന്നും പ്ലാസ്റ്റിക് നീക്കം ചെയ്യുന്നതിന് വലിയൊരു പദ്ധതി നടപ്പാക്കിയതുപോലെ, കായലിന്റെ ആഴം കൂട്ടുന്നതിനും പ്ലാറ്റിക് മാലിന്യം നീക്കുന്നതിനും അടിയന്തരമായ ഇടപെടലുകൾ നടത്തുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; അതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇതുസംബന്ധിച്ച പ്രശ്നമെന്ന് പറയുന്നത്, തോടുകൾ മാത്രമാണ് മത്സ്യ വകുപ്പിന്റെ കീഴിൽ വരുന്നത്. കായൽ ജലവിഭവ വകുപ്പിന്റെ കീഴിലാണ് വരുന്നത്. ജലവിഭവ വകുപ്പ് കോടിക്കണക്കിന് രൂപയുടെ നിരവധി നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. കുഫോസിന്റെ റിപ്പോർട്ടിന്റെ ഭാഗമായി മത്സ്യബന്ധന വകുപ്പും ജലവിഭവ വകുപ്പുമായി യോജിച്ച് ഒരു പ്രോജക്ട് എന്ന നിലയിലേക്ക് പോകുന്നതോടുകൂടി മാത്രമേ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നത്തിന്

ശാശ്വത പരിഹാരം കാണാൻ സാധിക്കുകയുള്ളൂ.

<u>ശ്രീമതി ദെലീമ</u>: സർ, ക്ഷീരവികസന വകുപ്പിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽനിന്ന് തുക നീക്കിവയ്ക്കുന്ന മാതൃകയിൽ പ്രാഥമിക മേഖലയുടെ വികസനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കപ്പെടുന്ന മുപ്പത് ശതമാനം തുകയിൽനിന്ന് ഒരു നിശ്ചിത ശതമാനം തുക മത്സ്യകൃഷിക്ക് നീക്കിവയ്ക്കുന്നതിനുള്ള ഇടപെടലുണ്ടാകുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, വളരെ പ്രധാനപ്പെട്ട ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. എല്ലാ എം.എൽ.എ.-മാരും ഇക്കാര്യത്തിൽ മുൻകൈയെടുക്കേണ്ടതുണ്ട്. കാരണം എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ക്ഷീര വികസന വകുപ്പിന് ഓഫീസുണ്ട്. പക്ഷേ ഫിഷറീസ് വകുപ്പിന് കേരളത്തിലാകെ 67 പ്രാദേശിക ഓഫീസുകൾ മാത്രമാണുള്ളത്. ഒരു ഓഫീസർ 36 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി സംബന്ധിച്ച് ചുമതല നിർവ്വഹിക്കേണ്ടതായി വരുന്നു. ഇക്കാരണത്താൽ തദ്ദേശസ്വയംഭരണ വകുപ്പ് മാറ്റിവയ്ക്കുന്ന തുക വിനിയോഗിക്കാനുള്ള സംവിധാനം ഫിഷറീസ് വകുപ്പിനില്ലെന്നുള്ളത്

വസ്തുതയാണ്. പക്ഷേ കേരളത്തിന്റെ മത്സ്യമേഖലയിൽ ഏതാണ്ട് 65 ശതമാനം വരുന്ന ജലാശയങ്ങൾ ഉൾക്കൊള്ളുന്ന ഈ സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നല്ലൊരു ശതമാനം തുക വകയിരുത്താൻ കഴിയും. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ മുൻകൈ എടുത്താൽ അവരുമായി ചർച്ച ചെയ്ത് തുക വകയിരുത്തേണ്ടതായിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ചുള്ള പ്രത്യേക സംവിധാനത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. സാധ്യതയുള്ള എല്ലാ പ്രദേശങ്ങളിലും പ്രത്യേകമായി നീക്കിവയ്ക്കുന്ന തുക കൈകാര്യം ചെയ്യാൻ ഒരു പ്രത്യേക സംവിധാനം ആവശ്യപ്പെട്ടുകൊണ്ട് മത്സ്യബന്ധന വകുപ്പ് ആലോചിച്ച് സർക്കാരിന് സമർപ്പിക്കുന്നുണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മത്സ്യത്തൊഴിലാളി മേഖലയുടെ ക്ഷേമത്തിനുവേണ്ടി കുറച്ച് പണം മാറ്റിവയ്ക്കണമെന്ന കാര്യംകൂടി പ്രത്യേകമായി ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. എച്ച്. സലാം</u>: സർ, വേമ്പനാട് കായൽ നമ്മുടെ ആവാസ വ്യവസ്ഥയിലെ പ്രധാനപ്പെട്ട ഒരു കായലാണ്. അവിടത്തെ ജലസംഭരണശേഷി, മത്സ്യോൽപാദനം, കാർഷികമേഖല എന്നിവയിലെ

പ്രശ്നങ്ങളെല്ലാം ഗൗരവമായി നമ്മെ ബാധിക്കുകയാണ്. കുട്ടനാടൻ കരിമീൻ വളരെ പ്രധാനപ്പെട്ട ഒന്നാണ്. കരിമീൻ ഉൽപാദനത്തിന് ആയിരംതെങ്ങ് അഴീക്കോട് ഹാച്ചറി മാത്രമാണ് നല്ലരീതിയിൽ മുന്നോട്ടുവന്നിട്ടുള്ളത്. കൃഷിക്കാരുടെ സഹായത്തോടുകൂടി കൂടുതൽ മത്സ്യ, കരിമീൻ കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കാൻ കഴിയുന്ന തരത്തിലേക്കുള്ള സംവിധാനം ഗവൺമെന്റ് ഒരുക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇക്കാര്യത്തിൽ ശക്തമായ ഇടപെടലാണ് നടത്തിയിട്ടുള്ളത്. കർഷകരുടെ പങ്കാളിത്തത്തോടുകൂടി കരിമീൻ മത്സ്യ വിത്തുൽപാദനത്തിനായി 'പിന്നാമ്പുറങ്ങളിലെ മത്സ്യവിത്തുൽപാദന യൂണിറ്റ്' എന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് 3 ലക്ഷം രൂപ ചെലവുവരും. ഇത്തരം യൂണിറ്റുകൾക്ക് ആദ്യവർഷം ആകെ ചെലവിന്റെ 40 ശതമാനമായ ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ ധനസഹായം ലഭിക്കും. 2023-24 വർഷം 229 പുതിയ കരിമീൻ വിത്തുൽപാദന യൂണിറ്റുകൾ സ്ഥാപിച്ചു. 148 കരിമീൻ വിത്തുൽപാദന യൂണിറ്റുകൾക്ക് തുടർസഹായം നൽകുകയും ചെയ്തു. യൂണിറ്റുകളിൽനിന്നും

83.68 ലക്ഷം മത്സ്യക്കുഞ്ഞുങ്ങൾ ഉൽപാദിപ്പിച്ചു. നടപ്പുവർഷം 175 പുതിയ യൂണിറ്റുകൾ സ്ഥാപിക്കുകയും 309 യൂണിറ്റുകൾക്ക് തുടർസഹായം നൽകുകയും ചെയ്തു. ഈ യൂണിറ്റുകളിൽനിന്നും 77.81 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. വരാൽ, കരിമീൻ എന്നിവയുടെ ഉൽപദാനത്തിൽ ഇപ്പോൾ പ്രത്യേകമായ ശ്രദ്ധ സർക്കാർ നൽകുന്നുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: സർ, കൊച്ചി കായലിൽ എക്കലും ചെളിയും മണ്ണുമെല്ലാം അടിഞ്ഞുകൂടി മത്സ്യ സമ്പത്തിന്റെ ആവാസ വ്യവസ്ഥയ്ക്ക് വിഘാതമായി നിൽക്കുന്ന ഒരു സാഹചര്യമാണ് നിലനിൽക്കുന്നത്. സ്വാഭാവികമായും ഇതിന്റെ ഭാഗമായി കൊച്ചി നഗരത്തിലെ വിവിധ പ്രദേശങ്ങളിൽ ഈ കാലഘട്ടത്തിലും വേലിയേറ്റ സമയത്തും വെള്ളം കയറി താഴ്ന്ന പ്രദേശങ്ങൾ മുങ്ങുന്ന അവസ്ഥയാണുള്ളത്. കൊച്ചിൻ പോർട്ടിന്റെ അധീനതയിലുള്ള പോർട്ട് നോട്ടിഫൈ ചെയ്ത പ്രദേശങ്ങളിലെങ്കിലും ഡ്രഡ്ജിങ് നടത്താനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ ആവശ്യമായ നിർദേശം നൽകുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇക്കാര്യത്തിൽ നമ്മൾ ഇടപെടൽ

നടത്തിയിട്ടുണ്ട്. കാരണം കോട്ടയം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ ചില പ്രദേശങ്ങളിൽ ഡ്രഡ്ജിംഗ് നടത്താനുള്ള ഇടപെടൽ നടത്തേണ്ടത് ജലവിഭവ വകുപ്പാണ്. ഇതിലേക്കുവരുന്ന തോടുകളുടെ നവീകരണത്തിന്റെ ഉത്തരവാദിത്വം മത്സ്യബന്ധന വകുപ്പിനാണ്. പ്രസ്തുത തോടുകളുടെ നവീകരണത്തിനാവശ്യമായ സാമ്പത്തിക സഹായം കഴിഞ്ഞ മൂന്നുവർഷമായി കൃത്യമായി കൊടുത്തിട്ടുണ്ട്. ഇവിടെ പറഞ്ഞ കാര്യം ജലവിഭവ വകുപ്പുമായി പ്രത്യേകം ചർച്ച ചെയ്ത് ആലോചിക്കാവുന്നതാണ്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, മത്സ്യകൃഷി വിജയിപ്പിക്കുന്നതിന് ആവശ്യമായ ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യക്കുഞ്ഞുങ്ങളെ യഥാസമയം ലഭ്യമാക്കുക എന്നത് ഒരു പ്രധാന ഘടകമാണ്. മത്സ്യബന്ധന വകുപ്പിന് കീഴിലുള്ള ഹാച്ചറികളിൽ ഈ ലക്ഷ്യം കൈവരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, നമ്മുടെ ഹാച്ചറികളെല്ലാം വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. നല്ല രൂപത്തിൽ ഹാച്ചറികളിൽ മത്സ്യക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതിന്റെ ഭാഗമായി ഏതാണ്ട് 733.75 ലക്ഷം

മത്സ്യ, ചെമ്മീൻ കുഞ്ഞുങ്ങളുടെ ഉൽപാദനം കഴിഞ്ഞ വർഷം നടത്താൻ സാധിച്ചിട്ടുണ്ട്. ഇതിൽ മലമ്പുഴ, ചുള്ളിയാർ, മീങ്കര, മംഗലം, വാളയാർ, തേവള്ളി, വെസ്റ്റ് കല്ലട, പള്ളം എന്നീ എട്ട് ഹാച്ചറികൾ ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. ആകെ ലക്ഷ്യത്തിന്റെ 91 ശതമാനം ഇതിനോടകം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് അഭിമാനകരമായ നേട്ടമാണ്.

ശ്രീ കെ. വി. സുമേഷ്: സർ, നമ്മുടെ സർക്കാർ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഉൾനാടൻ മത്സ്യോൽപാദനത്തിനുവേണ്ടി നടത്തിയിട്ടുള്ള പരിശ്രമങ്ങളിൽ നമുക്ക് വിജയിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വർധനവുണ്ടായിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ഉൾനാടൻ മത്സ്യമേഖലയിൽ വലിയ തരത്തിലുള്ള മുന്നേറ്റമുണ്ടായിട്ടുണ്ട്. 2020-21-ൽ 34987 മെട്രിക് ടണ്ണിൽനിന്നും 2023-24 വർഷത്തിൽ 40852 മെട്രിക് ടണ്ണായി വർധിച്ചിട്ടുണ്ട്. പരമ്പരാഗത കൃഷിരീതിയിൽ ഒതുങ്ങിനിന്ന മത്സ്യകൃഷിമേഖല ഇന്ന് നൂതനകൃഷിരീതികളായ Biofloc Recirculating Aquaculture System, കൂടിലെ മത്സ്യക്കൃഷി എന്നിവയിലേക്ക് ചുവടുമാറ്റുന്നതിനും കാർപ്പ്, കാരചെമ്മീൻ, എന്നീ പരമ്പരാഗത

ഇനങ്ങളോടൊപ്പം വനാമി ചെമ്മീൻ, കരിമീൻ, പൂമീൻ, തിരുത, ആസാം വാള, നൈൽ തിലാപ്പിയ, കാളാഞ്ചി, പൊമ്പാനോ, നാരൻ ചെമ്മീൻ, ഞണ്ട് തുടങ്ങിയ വൈവിധ്യമാർന്ന ഇനങ്ങളെ ഉൾപ്പെടുത്താനും കഴിഞ്ഞതിലൂടെ വലിയ പുരോഗതി ഉൾനാടൻ മത്സ്യമേഖലയിൽ കൈവരിച്ചിട്ടുണ്ട്. ഈ വർഷം നൂറ് കോടിയിൽപ്പരം രൂപ ഉൾനാടൻ മത്സ്യകൃഷിക്കുവേണ്ടി ഈ ബജറ്റിൽ സംസ്ഥാന ഗവൺമെന്റ് മാറ്റിവച്ചിട്ടുണ്ടെന്ന കാര്യം ഞാൻ അഭിമാനത്തോടെ പറയുകയാണ്.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണിത്. ഫിഷറീസ് ഓഫീസർമാർ ഇല്ലാത്തതുകാരണം നീണ്ടകര, കരുനാഗപ്പള്ളി, ചെറിയഴീക്കൽ, സായിക്കാട് എന്നിവിടങ്ങളിലെ മത്സ്യത്തൊഴിലാളികൾ ഏറെ ബുദ്ധിമുട്ടുകയാണ്. വിദ്യാർത്ഥികൾക്ക് കൊടുക്കേണ്ടുന്ന സാക്ഷ്യപത്രം, ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ എന്നിവ നിലനിൽക്കുകയാണ്. സെക്രട്ടറിയേറ്റിൽനിന്നും ഡെപ്യൂട്ടേഷനിൽ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചുവെങ്കിലും ടിയാൾ തിരികെപ്പോയി. അതുകൊണ്ട് ഇവിടെ ഓഫീസർമാരെ നിയമിക്കുന്നതിന് അടിയന്തരമായി അങ്ങ് ഇടപെടുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, പി.എസ്.സി.-യിൽനിന്നുമാണ് ഉദ്യോഗാർഥികളെ നിയമിക്കേണ്ടത്. പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. കുറെ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. നിരവധി ഒഴിവുകൾ വന്നിട്ടുള്ളതിനാൽ എത്രയും വേഗം ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, എക്കൽ അടിയുന്നതുമായി ബന്ധപ്പെട്ട് പാലം നിർമ്മിക്കുന്നതിന്റെ ഭാഗമായുള്ള നീണ്ടകര-ദളവാപുരം പാലം 18 വർഷങ്ങൾക്കുമുമ്പ് കമ്മിഷൻ ചെയ്തതാണ്. എന്നാൽ പാലം നിർമ്മാണത്തിന്റെ ഭാഗമായി തൂണുകൾക്കിടയിലുള്ള മണ്ണ് നീക്കം ചെയ്തിട്ടില്ല. ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് താൽക്കാലികമായി പാലങ്ങൾക്കടിയിൽ വെള്ളത്തിന്റെ ഒഴുക്ക് തടയുന്ന രീതിയിൽ ബ്ലോക്ക് ചെയ്തിട്ടുണ്ട്. ഈ മണ്ണെല്ലാം എടുത്തുമാറ്റുമെന്ന് നമ്മൾ ഉറപ്പുവരുത്തേണ്ടതാണ്. അതുപോലെ ഹാർബർ എഞ്ചിനീയറിങ് വിഭാഗത്തിൽ 9 കോടി രൂപയ്ക്ക് ടെൻഡർ ചെയ്ത ബോട്ട് ചാനൽ വൃത്തിയാക്കുന്ന നടപടിയും ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് സൗജന്യമായി മണ്ണ് നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടെങ്കിലും

ഇൻലാൻഡ് നാവിഗേഷനും ഹാർബർ എഞ്ചിനീയറിങ്ങും തമ്മിലുള്ള തർക്കങ്ങൾ കാരണം ടെൻഡറായ വർക്ക് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്ത അവസ്ഥയാണ്. ഈ വിഷയത്തിൽ അങ്ങ് ഇടപെടുമോ?

ശ്രീ. സജി ചെറിയാൻ: സർ, കായലിൽനിന്നും ഡ്രഡ്ജ് ചെയ്യുന്ന മണ്ണ് നാഷണൽ ഹൈവേ ഉൾപ്പെടെയുള്ള റോഡുകളുടെ വികസനത്തിനായി പ്രയോജനപ്പെടുത്താൻ ധാരണയുണ്ടാക്കിയിട്ടുണ്ട്. മറ്റുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും ഈ മണ്ണ് ഉപയോഗപ്പെടുത്താൻ സാധിക്കും. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയത്തിന്മേൽ ബന്ധപ്പെട്ട വകുപ്പുമായി ചർച്ച ചെയ്ത് അടിയന്തരമായി പരിഹാരം കാണുന്നതായിരിക്കും.

ശ്രീ. ജോബ് മൈക്കിൾ: സർ, വേമ്പനാട് കായൽ ഉൾപ്പെടെ ചേർന്നുകിടക്കുന്ന അനുബന്ധ ആറുകളിലും തോടുകളിലും എക്കലും പോളയും അടിഞ്ഞ് നീരൊഴുക്ക് കുറഞ്ഞുപോയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് അങ്ങയുടെ നിയോജകമണ്ഡലമായ ചെങ്ങന്നൂർ ഉൾപ്പെടെ കുട്ടനാട്, തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം, ഏറ്റുമാനൂർ നിയോജകമണ്ഡലങ്ങളിലെയും അപ്പർ കുട്ടനാട്ടിലെയും എക്കലും പോളയും നീക്കം ചെയ്ത് നെൽക്കർഷകരെയും മത്സ്യബന്ധനത്തൊഴിലാളികളെയും

രക്ഷിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യം വളരെ പ്രാധാന്യമുള്ളതാണ്. കോട്ടയം ജില്ലയിലെ പദ്ധതിയുടെ ഘടകമായ പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപം എന്നതിലുൾപ്പെടുത്തി അതുപോലെ തോടുനവീകരണത്തിന്റെ ഭാഗമായി വൈക്കം മുനിസിപ്പാലിറ്റിയിലെ ജങ്കാർ ജെട്ടിക്കടവ്, കുമരകം പഞ്ചായത്തിലെ നാലുപങ്ക് ടെർമിനൽ, വിജയപുരം പഞ്ചായത്തിലെ വട്ടമൂട് കടവ്, എരുമേലി പഞ്ചായത്തിലെ കൊരട്ടിക്കടവ്, മുണ്ടക്കയം പഞ്ചായത്തിലെ ചാച്ചിക്കടവ് ചെക്ക് ഡാം, ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിലെ ഈരക്കയം ചെക്ക് ഡാം എന്നീ പ്രദേശങ്ങളുൾപ്പെടെ എല്ലായിടങ്ങളും മത്സ്യകൃഷിക്കനുയോജ്യമായ രൂപത്തിൽ അത് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ തോടുകൾ ശുചീകരിക്കുന്നതിനുവേണ്ടി ഹാർബർ എഞ്ചിനീയറിങ് വിഭാഗത്തിന്റെ ഭാഗമായി ഫിഷറീസ് വകുപ്പിന്റെ പരിമിതമായ തുക ഉപയോഗിച്ച് ചെയ്യാൻ കഴിയാവുന്ന പരമാവധി പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. അടിയന്തര സ്വഭാവമുള്ള എന്തെങ്കിലും പദ്ധതി ചെയ്യേണ്ടതുണ്ടെങ്കിൽ ബഹുമാനപ്പെട്ട

അംഗം അത് ശ്രദ്ധയിൽപ്പെടുത്തിയാൽ അക്കാര്യവും പരിഗണിക്കാം.

ശ്രീ. പി. ബാലചന്ദ്രൻ: സർ, കേരളത്തിലെ മൂന്ന് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്നതും അഞ്ച് പ്രധാന നദികളുടെ പതന കേന്ദ്രവുമായ വേമ്പനാട്ട് കായൽ വരുംകാലങ്ങളിൽ ചതുപ്പായി മാറുമെന്ന് കായൽ ഗവേഷകരുടെ അഭിപ്രായമുണ്ട്. ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. സജി ചെറിയാൻ: സർ, വേമ്പനാട് കായൽ ചതുപ്പായി മാറാൻ പോകുന്നില്ല. അവിടെ അടിഞ്ഞുകൂടിയ മണ്ണ് മാറ്റുകയെന്നുള്ളതാണ് പ്രധാനമായുള്ളത്. ഇതുകാരണം അരൂർ-ചേർത്തല പ്രദേശങ്ങളിൽ വേലിയേറ്റ സമയങ്ങളിൽ വീടുകളിലേയ്ക്ക് വെള്ളം കയറുന്ന പ്രശ്നമുയർന്നുവന്നിട്ടുണ്ട്. അടിയന്തരമായി മണ്ണ് ഡ്രഡ്ജ് ചെയ്ത് വെള്ളം ഒഴുകിവന്ന് സംഭരിക്കപ്പെടാനുള്ള സംവിധാനം ഉറപ്പാക്കണം. ഇതുമായി ബന്ധപ്പെട്ട കുഫോസിന്റെ റിപ്പോർട്ടടക്കം വന്നിട്ടുണ്ട്. അക്കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുന്നുണ്ട്. നിലവിൽ നമ്മൾ സാമ്പത്തിക പ്രതിസന്ധിയുടെ ഒരു ഘട്ടത്തിലായതിനാലാണ് പല കാര്യങ്ങൾക്കും ദ്രുതഗതിയിലുള്ള നിലപാട് സ്വീകരിക്കാൻ സാധിക്കാതെ

വരുന്നത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യം വളരെ പ്രധാനമാണ്, അക്കാര്യത്തിൽ അടിയന്തര നടപടിയെടുക്കുന്നതിന് കൂടിയാലോചന നടത്തുന്നതാണ്.

ശ്രീ. തോമസ് കെ. തോമസ്: സർ, ഇത് ഞാൻ പല പ്രാവശ്യം ഉന്നയിച്ചിട്ടുള്ള വിഷയമാണ്. വേമ്പനാട് കായലിൽ മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനും അതുമായി ബന്ധപ്പെട്ട വിപണി സംവിധാനവും ഒരുമിച്ച് ചെയ്യാനുള്ള സംവിധാനം ഒരുക്കണമെന്നതാണ്. പോള കാരണം മത്സ്യബന്ധനം നടത്താൻ സാധിക്കുന്നില്ല, ഇക്കാര്യത്തിന്മേൽ അടിയന്തരമായ ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. സജി ചെറിയാൻ: സർ, പോള വാരൽ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ വരുന്നതാണ്. തോടുകൾ മാത്രമാണ് മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ വരുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം.

## വന്യമൃഗ ആക്രമണത്തിലെ ഹൈക്കോടതി നിരീക്ഷണം

2 (*212) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ ചുമതലപ്പെടുത്തിയതുപ്രകാരം
(ശ്രീ. സണ്ണി ജോസഫ്):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണംമൂലം മലയോരനിവാസികൾ മരണ ഭീതിയിൽ ജീവിക്കേണ്ടിവരുന്നത് മൗലികാവകാശങ്ങളുടെ ലംഘനമാണെന്ന ഹൈക്കോടതിയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആറളം ഫാമിൽ ദമ്പതികളെ ആന ചവിട്ടിക്കൊന്നതടക്കമുള്ള നിരവധി സംഭവങ്ങൾ ജനങ്ങളിൽ ഉളവാക്കിയിട്ടുള്ള ആശങ്ക ഗൗരവമായി കാണുന്നുവോയെന്ന് അറിയിക്കുമോ;

(സി) ഹൈക്കോടതിയുടെ ഇടപെടലിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷംമൂലമുള്ള മരണവും മറ്റ് നാശനഷ്ടങ്ങളും സർക്കാർ ഗൗരവപൂർവം കണ്ടുവരുന്നതും ആയത് ലഘൂകരിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നതുമാണ്. ഇതിന്റെ ഭാഗമായി വിവിധ പ്രതിരോധ പ്രവൃത്തികളും ആവാസ വ്യവസ്ഥ പരിപോഷണ പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. വനം വകുപ്പിനൊപ്പം റവന്യൂ, ദുരന്തനിവാരണ വകുപ്പ്, പോലീസ്, കൃഷി, തദ്ദേശസ്വയംഭരണം, മൃഗസംരക്ഷണ വകുപ്പ്, ഫയർ & റെസ്ക്യൂ, വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യവകുപ്പ് തുടങ്ങി ബന്ധപ്പെട്ട മറ്റെല്ലാ വകുപ്പുകളെയും ഏകോപിപ്പിക്കുന്നതിനും പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും പുരോഗതി വിവിധ തലങ്ങളിൽ വിലയിരുത്തി മുന്നോട്ടുപോകുന്നതിനുമായി സർക്കാർ മനുഷ്യ-വന്യമൃഗ സംഘർഷം " സംസ്ഥാന സവിശേഷ ദുരന്തം" ആയി പ്രഖ്യാപിച്ചിട്ടുള്ളതാണ്.

മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതൽ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിലും MoEF&CC/ NTCA പുറപ്പെടുവിച്ചിട്ടുള്ള വിവിധ

മാർഗനിർദേശങ്ങളിലും/SOP-കളിലും കാലോചിതമായ മാറ്റം വരുത്തണമെന്ന് കേന്ദ്രസർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുള്ളതാണ്.

എന്നിരുന്നാലും സർക്കാർ കൈക്കൊണ്ട വിവിധ പ്രവർത്തനങ്ങളുടെ ഫലമായി വന്യമൃഗങ്ങൾമൂലമുള്ള അപകടമരണങ്ങൾ കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുള്ളതാണ്. 2019-20 മുതൽ നാളിതുവരെ 520 പേർ മരണപ്പെട്ടതിൽ 302 പേരും (58%) വനത്തിന് പുറത്ത് പാമ്പുകടിയേറ്റാണ് മരണപ്പെട്ടിട്ടുള്ളത്. പാമ്പുകടിയേറ്റുള്ള മരണം കുറയ്ക്കുന്നതിനായി SARPA മൊബൈൽ ആപ്പും വിദഗ്ധ പരിശീലനം നേടിയ ലൈസൻസ്ഡ് റെസ്ക്യൂ വോളന്റിയർമാരെ നിയോഗിച്ചതിലൂടെ പാമ്പുകടിയേറ്റുള്ള മരണം 2019-20-ൽ 71 ആയിരുന്നത് 2024-25-ൽ 32 ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

നിരന്തരമായ പ്രതിരോധ പ്രവർത്തനങ്ങൾമൂലം കാട്ടാനമൂലമുള്ള മനുഷ്യ-വന്യമൃഗ സംഘർഷത്തിന്റെ ഒരു പ്രധാന ഹോട്ട്സ്പോട്ട് ആയിരുന്ന അട്ടപ്പാടി മേഖലയിൽ കഴിഞ്ഞ രണ്ട് വർഷമായി കാട്ടാനമൂലമുള്ള അപകടമരണം ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ മനുഷ്യ-വന്യമൃഗ സംഘർഷ മേഖലകളെ ഹോട്ട്സ്പോട്ടുകളായി തിരിച്ച് ഓരോന്നിനും

അനുയോജ്യമായ പ്രതിരോധപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നുണ്ട്.

കേരളത്തിൽ 2019-20 മുതൽ 2023-24 വരെ സൗരോർജ വേലി, ആനക്കിടങ്ങ് എന്നിവയടക്കം 1258 കി.മീ. പ്രതിരോധ നിർമ്മിതികൾ ജനവാസ മേഖലകളിലേക്ക് വന്യമൃഗങ്ങൾ ഇറങ്ങുന്നത് തടയാനായി സ്ഥാപിച്ചിട്ടുള്ളതാണ്.

വനമേഖലകളിലെ വിവിധയിടങ്ങളിലായി 1434 കുളങ്ങൾ, ചെക്കഡാമുകൾ എന്നിവയിലും 574 വയലുകളിലും 308 മറ്റിതര ജലസ്രോതസ്സുകളിലും അധികമായി അടിഞ്ഞുകൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. നബാർഡ് tranche XXX മുഖേന നബാർഡ് ₹8.69 കോടി വയലുകളുടെ പരിപാലനത്തിനായി ലഭ്യമാക്കി തുടർപ്രവൃത്തികൾ നടന്നുവരുന്നു. നബാർഡ് പദ്ധതിയിലുൾപ്പെടുത്തി വിവിധ സർക്കിളുകളിലായി 5031 ഹെക്ടർ സ്ഥലത്ത് സ്വാഭാവിക വന പുനഃസ്ഥാപനപ്രവൃത്തികൾ നടപ്പാക്കിവരുന്നു. ആകെ 1583.85 ഹെക്ടർ

അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ ഇപ്രകാരം സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

വയനാട് വന്യജീവി സങ്കേതത്തിലെ അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന 5000 ടൺ നിർമ്മാർജനം ചെയ്യുന്നതിന് കേരള പേപ്പർ പ്രോഡക്ട്സിന് അനുമതി നൽകി. 61678 സെന്നാ മരങ്ങൾ മുറിച്ച് 2667.91 മെട്രിക് ടൺ സെന്ന നിലവിൽ നീക്കം ചെയ്തിട്ടുണ്ട്.

01-04-2019 മുതൽ 31-01-2025 വരെ മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുള്ള മരണം, പരിക്ക്, കാലിനഷ്ടം, കൃഷി നാശം എന്നിവയ്ക്കായി 7018.87 ലക്ഷം രൂപ നഷ്ടപരിഹാരയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടക്കുന്നതുമൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി നിലവിൽ സ്വീകരിച്ചുവരുന്ന പ്രതിരോധ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെയും ഊർജിതപ്പെടുത്തുന്നതിന്റെയും ഭാഗമായി 26-02-2025-ലെ സർക്കാർ ഉത്തരവ് (കൈ) നം. 8/2025/വനം പ്രകാരം സർക്കാർ നടപ്പാക്കുന്ന മിഷൻ മോഡിലുള്ള പത്ത് പദ്ധതികളും അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രഖ്യാപിക്കുകയും ആയത് നടപ്പാക്കി വരുന്നതുമാണ്.

മൗലികാവകാശങ്ങളോടൊപ്പം തന്നെ മൗലിക കർത്തവ്യങ്ങളും ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 51 A (g) പ്രകാരം വനം ഉൾപ്പെടെയുള്ള പ്രകൃതിയെയും തടാകങ്ങളെയും നദികളെയും വന്യമൃഗങ്ങളെയും സംരക്ഷിക്കുകയെന്നത് ഓരോ ഇന്ത്യൻ പൗരന്റെയും മൗലിക കർത്തവ്യമാണ്. അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ Vs. എ. നാഗരാജ 19 എന്ന കേസിൽ, സുപ്രീം കോടതി മൃഗങ്ങൾക്കും മാന്യതയോടും നൈസർഗികമായും വേദനയില്ലാതെ ജീവിക്കുന്നതിനുള്ള അവകാശമുണ്ടെന്ന് വിധിച്ചിട്ടുള്ളതാകുന്നു.

മേൽ സാഹചര്യത്തിൽ ഒരേ സമയം പൊതുജനങ്ങളുടെ സുരക്ഷയ്ക്കും വന്യജീവി സംരക്ഷണത്തിനും വേണ്ട പ്രവർത്തനങ്ങൾ വനം വകുപ്പ് നടപ്പാക്കിവരുന്നുണ്ട്.

(ബി&സി) ഗൗരവമായി കാണുന്നുണ്ട്. കൂടാതെ ഹൈക്കോടതിയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം സംഭവങ്ങൾ തടയുന്നതിനുള്ള സത്വര പ്രതിരോധമാർഗങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്. 23-02-2025-ൽ ആറളം ഫാമിൽ കശുവണ്ടി ശേഖരിക്കുകയായിരുന്ന ബ്ലോക്ക് 13-ലെ പ്ലോട്ട് നമ്പർ 1542-ലെ താമസക്കാരായ വെള്ളി, ലീല

എന്നീ ദമ്പതികൾ കാട്ടാനയുടെ മുന്നിൽ അകപ്പെട്ട് മരണപ്പെട്ട സംഭവത്തിൽ അടിയന്തര സഹായമായി 10 ലക്ഷം രൂപ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകിയിട്ടുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് അനന്തരാവകാശികൾക്ക് ബാക്കി 10 ലക്ഷം രൂപകൂടി അനുവദിക്കുന്നതാണ്.

ആറളം ഫാമിലുണ്ടായ ദൗർഭാഗ്യകരമായ സംഭവത്തെത്തുടർന്ന് വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 24-02-2025-ന് ചേർന്ന സർവ്വകക്ഷിയോഗ തീരുമാനപ്രകാരം ആറളം ഫാമിലെ കാട്ടാനകളെ ഉൾക്കാട്ടിലേക്ക് തുരത്തുന്ന പ്രവൃത്തികൾ ഊർജിതമായി ചെയ്തുവരുന്നുണ്ട്. കൂടാതെ ആദിവാസി പുനരധിവാസ മേഖലയിലെ ആൾത്താമസമില്ലാതെ കാട് പിടിച്ചുകിടക്കുന്ന പ്രദേശത്തെ അടിക്കാടുകൾ വെട്ടിത്തെളിക്കുന്ന പ്രവൃത്തിയിൽ ടി.ആർ.ഡി.എം., ഗ്രാമപഞ്ചായത്ത്, റവന്യൂ വകുപ്പ് എന്നിവർക്കൊപ്പം വനം വകുപ്പും സജീവമായി പങ്കെടുക്കുന്നുണ്ട്.

വനം വകുപ്പുമന്ത്രിയുടെ യോഗത്തിലെടുത്ത തീരുമാനപ്രകാരം രൂപീകരിച്ച പ്രാദേശിക കമ്മിറ്റിയുടെ അവലോകന യോഗം പേരാവൂർ എം.എൽ.എ.-യുടെ അധ്യക്ഷതയിൽ 01-03-2025-ന് ഇരിട്ടി ബ്ലോക്ക്

പഞ്ചായത്ത് ഹാളിൽ വച്ച് ചേരുകയുണ്ടായി. മേൽ യോഗത്തിൽ ഫാമിൽനിന്നും ആനകളെ തുരത്തുന്ന സാഹചര്യത്തിൽ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ജനങ്ങളുടെ സഹകരണവും വിവിധ വകുപ്പുകളുടെ ഏകോപനവും ആവശ്യമാണെന്നും ഇതിനായി നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

പുനരധിവാസ മേഖലയിലെ കാട്ടുമൂടിക്കിടക്കുന്ന സ്ഥലങ്ങൾ വിവിധ വകുപ്പുകളുടെയും യുവജന സന്നദ്ധ സംഘടനകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി ഊർജിതമാക്കുന്നതിനും അതിനാവശ്യമായ ചെലവുകൾ വഹിക്കുന്നതിന് ടി.ആർ.ഡി.എം.-നെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതിൻ പ്രകാരം 02-03-2025-ന് അടിക്കാടുകൾ വെട്ടിമാറ്റുന്ന പ്രവൃത്തി നടപ്പാക്കിയിട്ടുണ്ട്. ഭൂമി നൽകിയിട്ടും താമസിക്കുന്നതിനായി ആളുകൾ വരാതെ കാടുപിടിച്ചു കിടക്കുന്ന സ്ഥലങ്ങൾ ഉൾപ്പെടെ വരുന്ന ബ്ലോക്ക് 8-ലെ ആറളം സ്കൂൾ പരിസരം, ബ്ലോക്ക് 9-ലെ എം.ആർ.എസ്. സ്കൂൾ, ബോക്ക് 10-ലെ കോട്ടപ്പാറ, ബ്ലോക്ക് 12-ലെ വട്ടക്കാട്, ബ്ലോക്ക് 13-ലെ ഓടച്ചാൽ എന്നീ പ്രദേശങ്ങളിലെ റോഡ് ഉൾപ്പെടെയുള്ള ഭാഗത്തെ കാട് വെട്ടിത്തെളിക്കൽ വിവിധ സർക്കാർ വകുപ്പുകൾക്ക് പുറമെ സന്നദ്ധ പ്രവർത്തകരും

യുവജനസംഘടനാ പ്രവർത്തകരും ഉൾപ്പെടെ 200-ഓളം പേരുടെ പങ്കാളിത്തത്തോടെ നടപ്പാക്കി. സോളാർ ഹാങിംഗ് ഫെൻസിങ് അനെർട്ട് മുഖേന വേഗത്തിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആറളം ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തുകയും ഇതിനായി പഞ്ചായത്തുകളുടെ തനത് ഫണ്ടുകൂടി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ആന തുരത്തൽ ദൗത്യം കഴിയുന്നതുവരെ പ്രദേശത്ത് പോലീസ്, ഫയർഫോഴ്സ്, എക്സൈസ് എന്നീ വകുപ്പുകളുടെ സാന്നിധ്യം ഉറപ്പാക്കുന്നതിനും ജനങ്ങളുടെ സുരക്ഷ മുൻനിർത്തി ഈ മേഖലയിലെ പരിപ്പ്തോട്-കോട്ടപ്പാറ റോഡിലെ ഗതാഗതം നിർത്തിവയ്ക്കാനും തീരുമാനമെടുക്കുകയും ചെയ്തു. പ്രദേശത്ത് വനംവകുപ്പ് രാവിലെയും വൈകിട്ടും ഡ്രോൺ ഉപയോഗിച്ച് നിരീക്ഷണം നടത്തിവരികയും 24 മണിക്കൂറും പട്രോളിങ് നടത്തിവരികയും ചെയ്യുന്നുണ്ട്. പകൽ 40-ഓളം ജീവനക്കാരും രാത്രിയിൽ 3 വാഹനങ്ങളിലായി 15 ജീവനക്കാരും പട്രോളിങ് നടത്തിവരുന്നുണ്ട്. കൂടാതെ ആനമതിൽ പൂർത്തീകരിക്കാത്ത സ്ഥലത്ത് കണ്ണൂർ ആറളം ഡിവിഷനുകീഴിലെ

വനംവകുപ്പ് ഉദ്യോഗസ്ഥർ സന്നദ്ധ പ്രവർത്തനത്തിലൂടെ താൽക്കാലിക കമ്പിവേലി സ്ഥാപിച്ച് ആയത് പരിപാലിച്ചുവരികയുമാണ്.

ആറളം പുനരധിവാസമേഖലയിൽ അനെർട്ട് മുഖേന സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വന്യമൃഗങ്ങളിൽനിന്നുള്ള അപകടം ഒഴിവാക്കുന്നതിന് ആറളം പുനരധിവാസമേഖലയിൽ താമസിക്കുന്ന പൊതുജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസും സോഷ്യൽ മീഡിയ വഴി അടിയന്തര അറിയിപ്പുകളും നൽകിവരുന്നു.

ആറളം പുനരധിവാസമേഖലയിൽ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും സുരക്ഷ ഒരുക്കുന്നതിനും പ്രാഥമിക പ്രതിരോധം ഒരുക്കുന്നതിനും വനം വകുപ്പിനെ സഹായിക്കുന്നതിനുംവേണ്ടി പ്രദേശത്തെക്കുറിച്ച് അറിവും പരിചയവുമുള്ള തദ്ദേശീയ വോളന്റിയർമാരെ ഉൾപ്പെടുത്തി പ്രൈമറി റെസ്പോൺസ് ടീം (പി.ആർ.ടി.) രൂപീകരിച്ചിട്ടുണ്ട്.

ആറളം വന്യജീവി സങ്കേതവും ആറളം പുനരധിവാസമേഖലയും അതിർത്തി പങ്കിടുന്ന ടി.ആർ.ഡി.എം.-ന്റെ സ്ഥലത്ത് 10.5 കി.മീ. നീളമുള്ള ആനപ്രതിരോധ മതിലിന്റെ പ്രവൃത്തി പി.ഡബ്ല്യൂ.ഡി.-യുടെ മേൽനോട്ടത്തിൽ പുരോഗമിച്ചുവരുന്നുണ്ട്. ഇതുവരെ ഏകദേശം 4 കി.മീ. ദൂരത്തിൽ ആനപ്രതിരോധ മതിലിന്റെ പണി പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന 6.5 കി.മീ. വരുന്ന മതിലിന്റെ പണി പൂർത്തിയാക്കാനുള്ള ദൂരത്തിൽ പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് ജില്ലാ ഭരണകൂടത്തിന്റെ നിർദേശത്തിൽ അനെർട്ട് വഴി അടിയന്തരമായി ഹാംഗിംങ്ങ് ഫെൻസിങ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഹാംഗിംങ്ങ് ഫെൻസിങ് സ്ഥാപിക്കുന്നതുവരെ യുദ്ധകാലാടിസ്ഥാനത്തിൽ ടി പ്രദേശത്ത് സോളാർ ഫെൻസ് സ്ഥാപിച്ചുവരുന്നുണ്ട്.

വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി വന്യജീവി സങ്കേതത്തിനുള്ളിൽ മിഷൻ ഫുഡ്, ഫോഡർ & വാട്ടർ-ന്റെ ഭാഗമായി വനാന്തർഭാഗങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി കുളങ്ങൾ പരിപാലിക്കുന്ന പ്രവൃത്തികളും നീർച്ചാലുകളിൽ താൽക്കാലിക ബ്രഷ്വുഡ് ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതും പുൽമേടുകൾ

പുനരുജ്ജീവിപ്പിച്ച് വനത്തിന്റെ സ്വാഭാവികത നിലനിർത്തി ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിനുതകുന്ന പ്രവൃത്തികളും നടപ്പാക്കിവരുന്നുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ മമ്പാട് പഞ്ചായത്തിലെ എളംപുഴ, നടുവക്കാട് ഭാഗങ്ങളിൽ ഇന്നലെ രാവിലെ പുലിയിറങ്ങുകയും ഒരു ബൈക്ക് യാത്രികനെ ആക്രമിക്കുകയും ചെയ്തു. വനം വകുപ്പ് ഉദ്യോഗസ്ഥരും ജനങ്ങളും ഒരുമിച്ചുനടത്തിയ തിരച്ചിലിനിടയിൽ രാത്രി പുലിയെ കണ്ടതായും പറയുന്നു. വളരെ അടിയന്തരമായി പുലിയെ പിടിക്കുന്നതിനുള്ള കൂട് സ്ഥാപിക്കുന്നതോടൊപ്പം ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നിർദേശംകൂടി നൽകണമെന്ന് അഭ്യർഥിക്കുകയാണ്. സംസ്ഥാനത്ത് ചൂടുകൂടിവരുന്ന സാഹചര്യത്തിൽ വനത്തിനുള്ളിൽ വെള്ളത്തിനും ഭക്ഷണത്തിനും ക്ഷാമം ഉള്ളതിനാൽ വന്യമൃഗങ്ങൾ ഒറ്റയ്ക്കും കൂട്ടമായും പുറത്തിറങ്ങുകയാണ്. ഏപ്രിൽ, മേയ് മാസങ്ങളിൽ ഇത് വർധിക്കുമെന്നും പറയപ്പെടുന്നു. ഈയൊരു പ്രത്യേക സാഹചര്യത്തെ നേരിടുന്നതിനായി

വനം വകുപ്പ് എന്തെങ്കിലും പ്രത്യേക കർമ്മപരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇത് രണ്ട് ചോദ്യമാണ്, അടിയന്തര പ്രാധാന്യമുള്ള വിഷയമാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ചോദ്യം ഉന്നയിക്കുന്നതിന് അനുമതി വാങ്ങിയിരുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അതെ, അടിയന്തര പ്രാധാന്യമുള്ള വിഷയമായതിനാൽ വളരെ ശ്രദ്ധാപൂർവം കേട്ടുവെന്നാണ് ഞാൻ പറഞ്ഞത്. മമ്പാട് ഉണ്ടായ സംഭവത്തിൽ കൂടുവച്ച് പുലിയെ പിടിക്കുന്നതിനുള്ള ഉത്തരവ് ഇതിനോടകം നൽകിക്കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഒരു പ്രധാനപ്പെട്ട കാര്യം, ജനങ്ങളും ഉദ്യോഗസ്ഥരും സഹകരിച്ച് പ്രവർത്തിച്ചതിന്റെ ഗുണമാണ് മമ്പാട് ഉണ്ടായത്. നാളെകളിൽ ഈ മാതൃകകൾ എല്ലാവരും തുടരണം. വേനൽച്ചൂട് വർധിക്കുന്ന മുറയ്ക്ക് വനത്തിനുള്ളിലെ ആവാസവ്യവസ്ഥയ്ക്ക് മാറ്റം വരികയും അതിന്റെ ഫലമായി വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവയ്ക്ക് വെള്ളവും ഭക്ഷണവും ഉറപ്പുവരുത്തുന്നതിന്

മുമ്പുസൂചിപ്പിച്ച പത്തിന പരിപാടിയിൽ 'മിഷൻ ഫുഡ് ഫോഡർ ആൻഡ് വാട്ടർ' എന്ന പരിപാടിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. കുളങ്ങൾ കുഴിക്കാനും തടയണകൾ നിർമ്മിക്കാനും വയലുകളിൽ ജലശേഖരം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതിയാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. അതിന്റെ വിശദാംശങ്ങൾ നക്ഷത്രചിഹ്നമിട്ട 212-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിലുള്ളതിനാൽ പറയുന്നില്ല.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, കേരളത്തിൽ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ മലയോരമേഖലയാണ്. കഴിഞ്ഞ വർഷത്തെക്കാൾ 22 കോടി രൂപ വർധിപ്പിച്ചുകൊണ്ട് 70 കോടി രൂപ ഇപ്രാവശ്യം നമ്മുടെ പ്രതിരോധപ്രവർത്തനങ്ങൾക്ക് നീക്കിവച്ചതായി ബജറ്റിലുണ്ട്. ഈ തുക വളരെ പരിമിതമാണ്. എങ്കിൽപ്പോലും ഈ ഫണ്ടുപയോഗിച്ച് വനമേഖലകൾക്കുള്ളിൽ ആദിവാസികൾ താമസിക്കുന്ന കോളനികളിൽ പ്രത്യേക പ്രയോറിറ്റി നൽകി ഡ്രഡ്ജിങ്, ഫെൻസിങ് മുതലായ പ്രതിരോധങ്ങൾ നൽകുന്നതിന് ഈ ഗവൺമെന്റ് മുൻഗണന നൽകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, തീർച്ചയായും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ആദിവാസി മേഖലയിലെ പ്രശ്നങ്ങൾക്കാണ് നമ്മൾ മുൻഗണന നൽകുന്നത്. അതിന്റെ ഉത്തമോദാഹരണമാണ് ആറളം ആദിവാസി മേഖലയിൽ നാം നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ. ഈ പ്രവർത്തനങ്ങൾ ഒരു മാതൃകയായി സ്വീകരിച്ച് ഇപ്പോൾ മറ്റ് മേഖലകളിലും നടപ്പാക്കുന്നുണ്ടെങ്കിലും അതിന്റെ റിസൾട്ടിനായി കുറച്ച് കാത്തിരിക്കണം. പ്രസ്തുത പരിപാടികൾ മറ്റെല്ലാ മേഖലകളിലും വ്യാപിപ്പിക്കുന്നതിനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. തീർച്ചയായും ആദിവാസി ഗോത്ര ജനവിഭാഗങ്ങൾക്കാണ് ഇക്കാര്യത്തിൽ മുൻഗണന നൽകുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇവിടെ ആവാസ വ്യവസ്ഥയുടെ മെച്ചത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ 20 വർഷമായി ഉണ്ടായിട്ടുള്ള വന്യജീവി ആക്രമണങ്ങളുടെ കണക്ക് പരിശോധിച്ചാൽ അത് വർധിച്ചുകൊണ്ടേയിരിക്കുകയാണ്. വന്യജീവി ആക്രമണം കുറയ്ക്കുന്നതിനായി പല നടപടികളും എടുത്തുവെന്ന് പറയുകയും എന്നാൽ ഫലത്തിൽ ജനങ്ങൾക്ക് ഈ നടപടികളുടെ പ്രയോജനം

ലഭിക്കാതെ പോകുകയുമാണ്. രണ്ടാമത്തെ പ്രധാനപ്പെട്ട പ്രശ്നം നിബിഡ വനങ്ങളിൽ ജീവിച്ചുകൊണ്ടിരിക്കുന്ന ആദിവാസികളാണ്, അവരെ നാട്ടിൽ പാർപ്പിക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ സഹായമുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിക്കുമറിയാം. ആ സഹായത്തിന്റെ അടിസ്ഥാനത്തിൽ എത്ര കുടുംബങ്ങളെ മാറ്റിയിട്ടുണ്ടെന്നും എത്ര കുടുംബങ്ങളെ രക്ഷിക്കുന്നതിനുള്ള നടപടിയെടുത്തെന്നും വിശദമാക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഇതുസംബന്ധിച്ച വിശദമായ കണക്കുകൾ എന്റെ കൈവശമില്ല. എന്നാൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ വനമേഖലയിലുണ്ടായ വിവിധ കാരണങ്ങളാൽ, നാം സംരക്ഷിക്കുന്ന ഭൂവിസ്തൃതിയുടെ കാര്യത്തിൽ വ്യത്യാസമുണ്ട്. വനഭൂമിയുടെ വിസ്തൃതിയുടെ തോതിനനുസരിച്ചുള്ളതല്ല വന്യമൃഗങ്ങളുടെ എണ്ണം എന്നതിനാൽ അവയുടെ എണ്ണത്തിൽ നിയന്ത്രണം വരുത്തേണ്ടത് അനിവാര്യമാണ്. എന്നാൽ, ദൗർഭാഗ്യവശാൽ അവയുടെ എണ്ണത്തിൽ നിയന്ത്രണം വരുത്താൻ നമുക്ക് സാധിക്കുന്നില്ല. അതുകൊണ്ട് ഇക്കാര്യത്തിനായി നമുക്ക് രണ്ടുപേർക്കുംകൂടി ഒന്നുകൂടി

കേന്ദ്രഗവൺമെന്റുമായി കൂടിക്കാഴ്ച നടത്തുന്നതിന് അങ്ങയുടെ സഹായമുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. സണ്ണി ജോസഫ്): സർ, ആറളം ആദിവാസി മേഖലയിൽ രണ്ടുപേർ മരണപ്പെട്ട സംഭവത്തിൽ നമ്മൾ അനുഭവിച്ച പ്രയാസം ബഹുമാനപ്പെട്ട മന്ത്രി സഭയിൽ സൂചിപ്പിച്ചു. അവിടെ ഒരു ആദിവാസി യുവതി ചോദിച്ച ചോദ്യം ഇപ്പോഴും അന്തരീക്ഷത്തിൽ മുഴങ്ങിക്കേൾക്കുകയാണ് - "ഇനിയൊരാൾ ആറളത്ത് ആനയുടെ ആക്രമണത്തിൽ കൊലചെയ്യപ്പെടില്ലെന്ന് ഉറപ്പുവരുത്താൻ സാധിക്കുമോ സർ?" ഈ ചോദ്യത്തിന് അങ്ങേയ്ക്കും എനിക്കും വ്യക്തമായ ഉത്തരം പറയാൻ സാധിക്കില്ല. ആ ചോദ്യം ഇവിടെ നിലനിൽക്കുകയാണ്. അതിന് എന്ത് ഉത്തരം സർക്കാരിന്റെ ഭാഗത്തുനിന്നും നൽകാൻ സാധിക്കും; സത്വരനടപടികൾ സ്വീകരിച്ചുകൊണ്ട് വന്യമൃഗ ആക്രമണം, പ്രത്യേകിച്ച് ആനയുടെ ആക്രമണം ആറളം പുനരധിവാസ മേഖലയിൽ തടയാനുള്ള ഫലപ്രദമായ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ആറളം ഫാമിൽ രണ്ടുപേർ കൊലചെയ്യപ്പെടാനിടയായ വന്യജീവി ആക്രമണം സംബന്ധിച്ച

സംഭവത്തിൽ നമ്മൾ രണ്ടുപേരുമാണ് അവിടെ രണ്ടുദിവസം തുടർച്ചയായി ക്യാമ്പ് ചെയ്ത് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. അതിന് അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടായ സഹകരണത്തിന് ആദ്യമായി നന്ദി പറയാൻ ഈ സന്ദർഭം ഞാൻ ഉപയോഗപ്പെടുത്തുകയാണ്. അവിടെ നിലവിൽ ജനങ്ങൾ, ഗ്രാമപഞ്ചായത്ത്, വോളണ്ടിയർ സംഘടന, പോലീസ്, ഫയർ സർവീസ് എന്നിവരുടെ നേതൃത്വത്തിലുള്ള ഒരു ടീമിനെ അങ്ങയുടെ അധ്യക്ഷതയിൽ രൂപീകരിച്ചിട്ടുണ്ട്. രണ്ടുമൂന്ന തവണയായി അങ്ങത് റിവ്യൂ ചെയ്തുകൊണ്ടിരിക്കുകയുമാണ്. കഴിഞ്ഞ 6-ാം തീയതി കണ്ണൂരിൽ വന്ന് ഞാനും ടീമിന്റെ പ്രവർത്തനങ്ങൾ റിവ്യൂ ചെയ്തിരുന്നു. മനുഷ്യസാധ്യവും, ഒരു സർക്കാരിന് സാധ്യവുമായ എല്ലാ നടപടികളും സ്വീകരിച്ചുകൊണ്ട് ആ പ്രദേശത്തെ ജനങ്ങളെ രക്ഷിക്കുക എന്ന ഉറപ്പാണ് നമുക്ക് നൽകാനുള്ളത്. ഇപ്പോൾ ഫാമിലാണ് ആനകളുള്ളത്, കാട്ടിലല്ല. ആറളം ഫാമിൽനിന്ന് ഇറങ്ങിവരുന്ന കാട്ടാനകളാണ് ദൗർഭാഗ്യവശാൽ അവിടുത്തെ തൊഴിലാളികളെ ആക്രമിച്ച് കൊലപ്പെടുത്തിയത് എന്നൊരു സവിശേഷതയുണ്ട്. അത്തരം സവിശേഷ സാഹചര്യങ്ങളെ എങ്ങനെ മറികടക്കാമെന്ന് ആഴ്ചതോറും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ആ

ശ്രമം ഇനിയും തുടരും. സർക്കാരിന്റെ ഭാഗത്തുനിന്നും ചെയ്യാൻ സാധിക്കുന്നതെല്ലാം ആറളത്തെ ജനങ്ങൾക്കുവേണ്ടി ചെയ്യുമെന്ന് നിങ്ങളിലൂടെ അവരെ അറിയിക്കണമെന്ന് ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ചാലക്കുടി നിയോജകമണ്ഡലത്തിലെ കോടശ്ശേരി, പരിയാരം, അതിരപ്പള്ളി, മേലൂർ പഞ്ചായത്തുകളിലെ കാർഷികമേഖല വലിയ പ്രതിസന്ധിയിലാണ്. മരണഭയത്തിലാണ് അവിടത്തെ ജനങ്ങൾ ജീവിക്കുന്നത്. ആനകൾ മാത്രമല്ല പന്നിയും മാനും മലയണ്ണാനും വരെ കൃഷി നശിപ്പിക്കുകയാണ്. വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി വർധിക്കുകയാണ്. വിദേശരാജ്യങ്ങളിലെപ്പോലെ വന്യമൃഗങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നതിന് കള്ളിങ് പോലുള്ള നടപടികൾ സ്വീകരിക്കണം. വന്യമൃഗ ആക്രമണത്തിൽ കൊല്ലപ്പെടുന്നവർക്കും പരിക്കേൽക്കുന്നവർക്കും കൃഷിനാശത്തിനും നിലവിൽ നൽകുന്ന തുച്ഛമായ ആശ്വാസ ധനത്തിനുപകരം മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ പോലെ ന്യായമായ നഷ്ടപരിഹാരം ഉറപ്പുവരുത്തുന്നതിനും കാർഷിക വിഷയങ്ങളുടെ തർക്കങ്ങൾ പരിഹരിക്കാനുമുള്ള പ്രത്യേക ട്രൈബ്യൂണൽ സ്ഥാപിക്കാൻ സർക്കാർ

തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ അദ്ദേഹത്തിന്റെ മണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങളിൽ വന്യമൃഗശല്യം വളരെ രൂക്ഷമാണ്. അതിന് നഷ്ടപരിഹാരമായി അങ്ങ് നിർദേശിച്ചത് മോട്ടോർ ആക്സിഡന്റിന് ഒരു ട്രൈബ്യൂണൽ രൂപീകരിച്ച് പ്രവർത്തിക്കുന്നതുപോലെ വനംവകുപ്പിലും അത്തരമൊരു ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ എന്നാണ്. അതൊരു നല്ല നിർദേശമാണ്. വിദഗ്ധന്മാരുമായും ബഹുമാനപ്പെട്ട ധനകാര്യ-നിയമ വകുപ്പുമന്ത്രിമാരുമായും ആലോചിച്ചുമാത്രമേ എനിക്ക് പ്രസ്തുത വിഷയം സംബന്ധിച്ച് സഭയ്ക്ക് ഒരു ഉറപ്പ് നൽകാൻ സാധിക്കുകയുള്ളൂ.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ പ്രതിനിദാനം ചെയ്യുന്ന അരുവിക്കര നിയോജകമണ്ഡലത്തിൽ നാല് പഞ്ചായത്തുകൾ വനമേഖലയുമായി ബന്ധപ്പെട്ടുകിടക്കുന്നതാണ്. ഇവിടെ ചർച്ച ചെയ്തതുപോലെ ഈയടുത്തകാലത്ത് ആ പ്രദേശങ്ങളിൽ വന്യമൃഗ ആക്രമണം രൂക്ഷമാണ്. ഏറ്റവുമൊടുവിൽ ആക്രമണത്തിൽ പരിക്കേറ്റ മൂന്നുപേർ നിലവിൽ

ആശുപത്രിയിൽ കഴിയുകയാണ്. കഴിഞ്ഞയാഴ്ച കല്ലാർ ഗവൺമെന്റ് യു.പി.എസ്.-ന്റെ മതിൽ ആന തകർക്കുന്ന ഒരു സംഭവമുണ്ടായി. ആയതുകൊണ്ട് ഇത്തരത്തിൽ ആനയുടെ ആക്രമണം കൂടുതലുണ്ടാകുന്ന പ്രദേശങ്ങളിൽ ട്രെഞ്ച് കുഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കാട്ടാനകളുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ ട്രെഞ്ച് കുഴിക്കുന്നത് കഴിഞ്ഞ കുറേക്കാലങ്ങളായി തുടരുകയാണ്. അത് വിജയകരമല്ലെന്നാണ് മുൻ വനം വകുപ്പുമന്ത്രിമാരിൽ പലരും അഭിപ്രായപ്പെട്ടിട്ടുള്ളത്. എന്നാൽ ഇത് പ്രായോഗികമാണെങ്കിൽ അക്കാര്യം പരിശോധിക്കുന്നതിൽ വനം വകുപ്പിന് തടസ്സമൊന്നുമില്ല.

ശ്രീ. യു. എ. ലത്തീഫ്: സർ, എടപ്പറ്റ പഞ്ചായത്ത് വനാതിർത്തിയിൽ വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് എന്തെങ്കിലും നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മഞ്ചേരി നിയോജകമണ്ഡലത്തിൽ മാത്രമല്ല മമ്പാട് മേഖലയാകെവരുന്ന ഒരു വനപ്രദേശമാണത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ അവിടെ പ്രത്യേകമായി പരിശോധിക്കേണ്ടതുണ്ടെങ്കിൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കാം.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ ഒന്നുരണ്ട് മാസക്കാലമായി ഏതാനും പുലികൾ ജനവാസമേഖലയിൽ ഭീതി പരത്തുകയാണ്. അതിൽ ഒന്നിനെ കൂടുവച്ച് പിടിച്ച് വനത്തിലേക്കയച്ചിട്ടുണ്ട്. ബാക്കി മൂന്നെണ്ണമുണ്ടെന്നാണ് വനം വകുപ്പ് പറയുന്നത്. ആ മൂന്ന് പുലികൾ ജനവാസമേഖലയിൽ ഭീതി പരത്തുന്നതുകാരണം കുട്ടികൾക്ക് സ്കൂളിൽ പോകാനോ സ്ത്രീകൾക്ക് പുറത്തിറങ്ങാനോ സാധിക്കുന്നില്ല. ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്; ആർ.ആർ.ടി.-യോ വേണ്ടത്ര ഫോറസ്റ്റ് സ്റ്റേഷനോ ഇല്ലാത്ത ഈ സാഹചര്യത്തിൽ പുലികളെ തുരത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച പ്രദേശത്ത് ആർ.ആർ.ടി.-യും ഫോറസ്റ്റ് സ്റ്റേഷനുമില്ല എന്നുള്ളത് ശരിയാണ്. കൂടുതൽ ആർ.ആർ.ടി.-കളും ഫോറസ്റ്റ് സ്റ്റേഷനുകളും ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ ഗൗരവത്തോടെ ആലോചിക്കുകയാണ്. അതിൽ തീരുമാനമായാൽ ആദ്യ പരിഗണന കാസർഗോഡിനായിരിക്കും. എന്നിരുന്നാലും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമെന്ന നിലയിൽ മറ്റ്

പ്രദേശങ്ങളിൽനിന്നുള്ള ടീമിനെ അവിടെ പ്രത്യേകമായി വിന്യസിച്ചുകൊണ്ടുള്ള പരിശോധനയും കരുതൽ നടപടികളുമാണ് സ്വീകരിച്ചുപോകുന്നത്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനുള്ള സുരക്ഷാക്രമീകരണങ്ങൾ ഒരുക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്ന് എന്തെങ്കിലും സഹായം നമുക്ക് ലഭ്യമായിട്ടുണ്ടോ; അങ്ങനെയൊരു സഹായം പ്രതീക്ഷിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ചില പ്രോജക്ടുകളുമായി ബന്ധപ്പെട്ട് അത്തരത്തിലുള്ള കംപോണന്റുകൂടി ചേർത്ത് നമുക്ക് പണം ലഭിക്കുന്നുണ്ട്. നേരത്തെ ബഹുമാനപ്പെട്ട വണ്ടൂർ എം.എൽ.എ. സൂചിപ്പിച്ചതുപോലെ ആ പണമൊക്കെ അപര്യാപ്തമാണ്. അതിനാൽ തുക വർധിപ്പിക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാരിന്റെ സാമ്പത്തികശേഷി ഉപയോഗിച്ച് പരമാവധി തുക ബജറ്റിൽ ഏർപ്പെടുത്തിയത് എല്ലാവരുടെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. സർക്കാർ കാര്യക്ഷമമായി ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പണം ലഭിക്കാൻ സാധ്യമായ മേഖലകളിൽനിന്നെല്ലാം പണം സ്വരൂപിച്ച് സുരക്ഷാ ക്രമീകരണങ്ങൾ

ഒരുക്കുന്നതിന് പര്യാപ്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. കേരളത്തിൽ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട എല്ലാ വനാതിർത്തികളിലും ഫെൻസിങ് പൂർത്തിയാക്കുന്ന ആദ്യത്തെ നിയോജകമണ്ഡലമായി പൂഞ്ഞാർ നിയോജകമണ്ഡലം മാറാൻ പോകുകയാണ് എന്ന വിവരം ബഹുമാനപ്പെട്ട പൂഞ്ഞാർ എം.എൽ.എ.-യെ അറിയിക്കാൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു.

ശ്രീ. വാഴൂർ സോമൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഗ്രാമ്പി എസ്റ്റേറ്റിൽ കഴിഞ്ഞ ദിവസം കടുവയിറങ്ങി. ഫോറസ്റ്റ് ഉദ്യോഗസ്ഥർ അവിടെ ഒരു ക്യാമറ സ്ഥാപിക്കുകയുണ്ടായി. കഴിഞ്ഞ ദിവസം പാലൂർക്കാവിൽ പുലിയിറങ്ങി സാബുവിന്റെ വീടിന്റെ മുറ്റത്തു കെട്ടിയിട്ടിരുന്ന വളർത്തുനായയെ കടിച്ചുകൊണ്ടുപോയി. അവിടെയും ഒരു ക്യാമറ സ്ഥാപിച്ചു. ഈ പ്രശ്നങ്ങൾ ഗൗരവമായി പരിശോധിച്ച് കൂടുവച്ച് വന്യമൃഗങ്ങളെ പിടികൂടാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദേശം പരിഗണിച്ചുകൊണ്ട് പ്രസ്തുത പ്രദേശത്ത് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് ഗൗരവമായി ആലോചിക്കാം.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, വന്യജീവികളുടെ ആക്രമണം വനാതിർത്തി കടന്ന് കൃഷിയിടങ്ങളിലും നാട്ടിലേക്കും വ്യാപിച്ചിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ മിടുക്കനായ ഒരു കൃഷിക്കാരനാണ് ഈയടുത്ത ദിവസം കാട്ടുപന്നിയുടെ ആക്രമണത്തിൽ കൊലചെയ്യപ്പെട്ടത്. അതിലൂടെ നഷ്ടപ്പെട്ടത് അയാളുടെ കുടുംബത്തിന്റെ ഏറ്റവും വലിയ സമ്പാദ്യമാണ്. സംഭവം നടന്ന പ്രദേശത്ത് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി നേരിട്ടെത്തി കുടുംബത്തിന് ആശ്വാസധനമായി പത്തുലക്ഷം രൂപ പ്രഖ്യാപിക്കുകയും അഞ്ചുലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവരുടെ കുടുംബം എങ്ങനെ മുന്നോട്ടു ജീവിക്കുമെന്നത് സംശയമാണ്. കാട്ടുപന്നി ആക്രമണത്തിൽ കൊല്ലപ്പെട്ട ശ്രീധരന്റെ നിരാലംബ കുടുംബത്തെ സംരക്ഷിക്കാൻ അദ്ദേഹത്തിന്റെ മകന് സർക്കാർ ജോലി നൽകാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, നിരാലംബ കുടുംബത്തെ സഹായിക്കണമെന്ന കാഴ്ചപ്പാടുതന്നെയാണ് നമുക്കെല്ലാവർക്കുമുള്ളത്. എന്നാൽ സർക്കാർ സർവീസിൽ സ്ഥിരംജോലി ലഭിക്കുന്നതിന് ചില പ്രഖ്യാപിത നിയമങ്ങളും നടപടിക്രമങ്ങളുമുണ്ട്. അത് പാലിച്ചുമാത്രമേ

സർക്കാർ സർവീസിൽ സ്ഥിരംജോലി നൽകാൻ സാധിക്കുകയുള്ളൂ. എന്നാൽ ബഹുമാനപ്പെട്ട അംഗവുമായി ആലോചിച്ച് ആ കുടുംബത്തിന് താൽക്കാലിക ജോലി നൽകുന്നതിനെക്കുറിച്ച് ഗൗരവത്തോടെ ആലോചിക്കുന്നതാണ്. മറ്റ് കാര്യങ്ങൾ പൊതുചർച്ചയുടെ ഭാഗമായി പരിഹരിക്കാൻ കഴിയുമോയെന്ന് ആലോചിക്കാവുന്നതാണ്.

ശ്രീ. മാണി സി. കാപ്പൻ: സർ, സമീപത്തെങ്ങും വനമില്ലാത്ത ഒരു മേഖലയാണ് പാലാ നിയോജകമണ്ഡലം. അവിടെ വ്യാപകമായ കാട്ടുപന്നി ശല്യമാണ്. കാട്ടുപന്നികൾ നശിപ്പിക്കുന്ന കാർഷികവിളകൾക്ക് നഷ്ടപരിഹാരം നൽകാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കാട്ടുപന്നികളുടെ ആക്രമണം തടയുന്നതിനുവേണ്ടി കാട്ടുപന്നികളെ വെടിവച്ചുകൊല്ലാനുള്ള ഉത്തരവ് നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ട്. എന്നാൽ അതിനുവേണ്ട ചെലവ് ആര് വഹിക്കുമെന്നതിൽ ഒരു സംശയം നിലനിന്നിരുന്നു. കഴിഞ്ഞ ദിവസം പുറപ്പെടുവിച്ച ഉത്തരവിലൂടെ കാട്ടുപന്നികളെ വെടിവയ്ക്കാനും സംസ്കരിക്കാനുമുള്ള ചെലവ് ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിൽനിന്നും നൽകുന്നതാണെന്ന് തീരുമാനിക്കുകയും

പ്രസ്തുത തുക വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കാർഷികവിളകൾക്കുള്ള നഷ്ടപരിഹാരം വർധിപ്പിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ സജീവമായി നടന്നുകൊണ്ടിരിക്കുകയാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ വായ്പാ നിബന്ധനകൾ

3 (*213) ശ്രീ. സജീവ് ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം വിശദമാക്കാമോ;

(ബി) പ്രസ്തുത കോർപ്പറേഷൻ വായ്പകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നിബന്ധനകളും വിശദമാക്കാമോ;

(സി) പ്രസ്തുത വായ്പകൾക്ക് നിബന്ധനയായി സർക്കാർ ഉദ്യോഗസ്ഥരുടെ ഗാരന്റി ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മേല്പറഞ്ഞ നിബന്ധനമൂലം പാവപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ജനങ്ങൾക്ക് വായ്പകൾ അപ്രാപ്യമാകുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, (എ) 1956-ലെ കമ്പനീസ് ആക്റ്റ് പ്രകാരം 1972-ലാണ് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ രൂപീകരിക്കപ്പെട്ടത്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മിതമായ പലിശ നിരക്കിൽ അവരുടെ താൽപര്യങ്ങൾക്കനുസരിച്ച് കോർപ്പറേഷന്റെ വിവിധ വായ്പാ പദ്ധതികളിലൂടെ വായ്പകൾ ലഭ്യമാക്കുന്നതിനും, അതുവഴി അവരുടെ സാമ്പത്തികനില മെച്ചപ്പെടുത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ട് വരുന്നതിനുമാണ് കോർപ്പറേഷൻ നിലകൊള്ളുന്നത്. നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 50,000/- രൂപ മുതൽ 50 ലക്ഷം രൂപവരെ വായ്പ നൽകാനുതകുന്ന വിവിധ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു. തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കോർപ്പറേഷന്റെ മുഖ്യ കാര്യാലയത്തിനുകീഴിൽ 14 ജില്ലാ കാര്യാലയങ്ങളും

3 ഉപജില്ലാ കാര്യാലയങ്ങളും പ്രവർത്തിച്ചുവരുന്നു. ദേശീയ പുനർവായ്പാ ഏജൻസികളുടെ വായ്പാ സഹായവും സംസ്ഥാന സർക്കാരിന്റെ മൂലധനസഹായവും ഉപയോഗിച്ചാണ് കോർപ്പറേഷൻ വായ്പാ വിതരണം നടത്തുന്നത്.

(ബി) കോർപ്പറേഷൻ നിലവിൽ നടപ്പിലാക്കുന്ന വിവിധ വായ്പാ പദ്ധതികളുടെ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്[+].

(സി) വസ്തു ജാമ്യം, നിർദിഷ്ട ധനകാര്യ സ്ഥാപനങ്ങളുടെ ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ, എൽ.ഐ.സി. പോളിസി എന്നിവക്കുപുറമേ സർക്കാർ ഉദ്യോഗസ്ഥരുടെ ഗാരന്റിയിലും വായ്പകൾ അനുവദിക്കാറുണ്ട്.

(ഡി) വസ്തു ജാമ്യം, നിർദിഷ്ട ധനകാര്യ സ്ഥാപനങ്ങളുടെ ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ, എൽ.ഐ.സി. പോളിസി എന്നിവയ്ക്കുപുറമേയാണ് സർക്കാർ ഉദ്യോഗസ്ഥരുടെ ഗാരന്റിയിലും കോർപ്പറേഷൻ വായ്പകൾ നൽകിവരുന്നത്. കുടുംബശ്രീ മുഖേനയുള്ള വനിതാ സംരംഭക വായ്പകൾക്ക് ജാമ്യം ഒഴിവാക്കി വായ്പ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. സജീവ് ജോസഫ്: സർ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട ആളുകൾക്ക് ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും ലോൺ നൽകുന്നതിന് മടിക്കുകയാണ്. സിബിൽ സ്കോറും മറ്റ് കാരണങ്ങളും പറഞ്ഞ് അവരെ നിരാശരാക്കുകയാണ് ചെയ്യുന്നത്. ഈ സന്ദർഭത്തിലാണ് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് പ്രസക്തിയുള്ളത്. കുറച്ചുകാലങ്ങളായി പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതിന് കോർപ്പറേഷൻ വൈമുഖ്യം കാണിക്കുകയാണ്. ലോണുകൾക്ക് ഗാരന്റിയേർപ്പെടുത്തിയത് പുനഃപരിശോധിക്കേണ്ട ഘട്ടമാണ് ഇപ്പോഴുള്ളത്. ഗാരന്റി ഏർപ്പെടുത്തുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയിച്ചതിൽ ഇളവ് നൽകി കെട്ടിക്കിടക്കുന്ന അപേക്ഷകൾ പരിഗണിക്കുമോ; അതിന് അനുകൂലമായ നടപടി സ്വീകരിക്കുമോ; പുതിയ അപേക്ഷകൾ സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഈ സ്ഥാപനം നേരത്തെ നഷ്ടത്തിലായിരുന്നു. പക്ഷേ, കഴിഞ്ഞ രണ്ട് വർഷമായി ലാഭത്തിലേക്ക് വന്നിട്ടുണ്ട്. ഒരു ധനകാര്യ സ്ഥാപനമെന്ന നിലയിൽ പൊതുമാനദണ്ഡം തന്നെയാണ് ഇതിനായി സ്വീകരിച്ചുവരുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ,

ഉദ്യോഗസ്ഥരുടെ ജാമ്യവും ആൾ ജാമ്യവും വസ്തു ജാമ്യവുമാണ് ലഭ്യമാക്കിയിട്ടുള്ളത്. അത്തരം കാര്യങ്ങൾ ഇവിടെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീകളെക്കൂടി ഉൾപ്പെടുത്തി അവർക്ക് ഒരു ജാമ്യവുമില്ലാതെ ലോൺ കൊടുക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. സജീവ് ജോസഫ്: സർ, ലോണെടുത്ത് കുടിശ്ശികയായ നിരവധി ആളുകളുണ്ട്. ഇത്തരം ആളുകൾക്ക് കുടിശ്ശികയുള്ളതിനാൽ അവരുടെ കുടുംബത്തിൽപ്പെട്ട മറ്റുള്ളവർ അപേക്ഷ നൽകുമ്പോൾ പരിഗണിക്കപ്പെടുന്നില്ല. ചെറിയ തുകപോലും കുടിശ്ശികയായവർക്ക് പിന്നീട് ലോൺ അനുവദിക്കുന്നില്ല. ഇതുപരിശോധിച്ച് കുടുംബത്തിൽപ്പെട്ട മറ്റുള്ളവർക്ക് ലോൺ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ആ നടപടി ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ട്. ഒരു കുടുംബത്തിലെ ആരെങ്കിലും മരണപ്പെട്ടാൽ അവരുടെ ലോണുകൾ 70 ശതമാനംവരെയും ചിലത് പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, സർക്കാരിന്റെ 'കരുതലും കൈത്താങ്ങും' പദ്ധതിയിലുൾപ്പെടുത്തി എല്ലാ സാമ്പത്തിക വർഷവും മാർച്ച് മാസത്തിൽ

അദാലത്ത് സംഘടിപ്പിച്ച് മരണപ്പെട്ടവരുടെയും വലിയ കുടിശ്ശികയായി യാതൊരു കാരണവശാലും തിരിച്ചടയ്ക്കാൻ കഴിയാത്ത കുടുംബങ്ങളുടെയും ലോണുകൾ 70 ശതമാനവും ചിലത് പൂർണ്ണമായും ഒഴിവാക്കികൊടുക്കുന്നതിനുള്ള നടപടിയും കോർപ്പറേഷൻ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, പട്ടികവർഗ്ഗ ഊരുകൾ ഇപ്പോൾ 'ഉന്നതികൾ' എന്നാണ് അറിയപ്പെടുന്നത്. 'ഉന്നതികൾ' എന്ന് നാമകരണം ചെയ്ത് അവരെ ഔന്നിത്യത്തിലേക്ക് എത്തിച്ചതുകൊണ്ട് മാത്രമായില്ല, പല സ്ഥലത്തും അടിസ്ഥാന സൗകര്യങ്ങളില്ല, വീടുകൾ ചോർന്നൊലിക്കുന്നതാണ്, കുടിവെള്ളമില്ല, റോഡുകളില്ല, വൈദ്യുതി കണക്ഷൻ പല സ്ഥലത്തും വിച്ഛേദിക്കപ്പെടുന്നു. ആറളം ആദിവാസി പുനരധിവാസ മേഖലയിൽപ്പോലും വലിയ പ്രതിസന്ധിയാണ്. ആനമതിൽ നിർമ്മാണം തടസ്സപ്പെട്ടതാണ് ഒരു വലിയ പ്രശ്നം. ആറളം ഉൾപ്പെടെയുള്ള ആദിവാസി പുനരധിവാസ മേഖലയിലെ ഉന്നതികളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതി നടപ്പിലാക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, 'ഉന്നതി' എന്ന് പുതുതായി നാമകരണം

ചെയ്യതാണ്. അതിന്റെ അടിസ്ഥാനത്തിലാണ് പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിലെ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇത്തരം ഉന്നതികളിൽ ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, റോഡ് സൗകര്യം, വൈദ്യുതി, ശ്മശാനം തുടങ്ങിയവയ്ക്ക് ഒരു പ്രത്യേക പാക്കേജുതന്നെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇത്തവണത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപയോഗിച്ച് വളരെ പ്രധാനപ്പെട്ട ഉന്നതികളിൽ അത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ആരംഭിച്ച അംബേദ്കർ ഗ്രാമവികസന പദ്ധതി ഇപ്പോഴും തുടരുന്നത് നല്ല കാര്യമാണ്. പക്ഷേ, പല ഉന്നതികളിലും ഗ്രാമങ്ങളിലും പദ്ധതി നടപ്പിലാക്കുമ്പോൾ അതിനാവശ്യമായ പണം തികയാത്ത അവസ്ഥയാണുള്ളത്. അവിടെയുള്ള ആളുകൾ ബഹളമുണ്ടാക്കുകയാണ്. അവർക്ക് ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയാണുള്ളത്. പദ്ധതി തുകയായ ഒരു കോടി രൂപ എന്നുള്ളത് 2 കോടി രൂപയാക്കാനോ അല്ലെങ്കിൽ മുമ്പുള്ള നിബന്ധനകൾ മാറ്റി അവിടത്തെ ആവശ്യങ്ങൾ

കണ്ടറിഞ്ഞ് കൃത്യമായ മാർഗനിർദേശം നൽകാനോ പ്രസ്തുത തുക വർധിപ്പിക്കുന്നതിനോ ഉള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് 'ലൈഫ്' ഭവന പദ്ധതിപ്രകാരം വീടുകൾ നൽകിവരുന്നുണ്ട്. അതോടൊപ്പം കോർപ്പസ് ഫണ്ടുപയോഗിച്ചുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് പുറമേയാണ് അഡീഷണൽ പദ്ധതിയെന്ന നിലയിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയിൽ നേരത്തെ സർക്കാർ ഉത്തരവുപ്രകാരം ഒരു യൂണിറ്റിന് ഒരു കോടി രൂപയായിരുന്നു നിശ്ചയിച്ചിരുന്നത്. 25 കുടുംബങ്ങൾ ഉൾപ്പെടുന്നതാണ് ഒരു യൂണിറ്റ്. 2016 മുതലാണ് ഈ പദ്ധതി ആരംഭിച്ചത്. നിലവിൽ 25 കുടുംബങ്ങൾ എന്ന നിലയിൽ ഫണ്ട് ലഭിക്കാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് ഒരു കോടി രൂപയുടെ യൂണിറ്റ് ഉന്നതിക്ക് അനുവദിക്കാൻ പറ്റാത്ത സാഹചര്യത്തിൽ അതിൽ ഭേദഗതി വരുത്തി 50-ഉം 75-ഉം വീടുകളാക്കി ചുരുക്കി, അതിനനുസൃതമായി ഫണ്ട് വിനിയോഗിക്കുന്ന രീതിയാണ് ഇപ്പോഴുള്ളത്. അതിൽ കൂടുതലായും ഒരു സാമ്പത്തിക വർഷം 50

യൂണിറ്റാണ് എടുത്തുവരുന്നത്. ഇക്കാര്യങ്ങൾ ഭാവിയിൽ പരിശോധിക്കുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഏറ്റവും സുപ്രധാനമായ ആവശ്യമാണ് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സർക്കാർ സഹായം. വരുമാനം പൊതുവെ കുറവായതിനാൽ സ്വാഭാവികമായും ബാങ്കുകൾ അവർക്ക് വായ്പകൾ നിഷേധിക്കുകയാണ് പതിവ്. അതുകൊണ്ട് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ സ്വയം തൊഴിൽ കണ്ടെത്താൻ താൽപര്യമുള്ളവരെ കണ്ടെത്തി അവർക്ക് പലിശരഹിത വായ്പയും ഗ്രാന്റും നൽകാനുള്ള പദ്ധതി സർക്കാർ ആവിഷ്കരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, അതിനുവേണ്ടിയാണ് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പ്രവർത്തിക്കുന്നത്. ഇത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി താൽപര്യമുള്ള യുവതീയുവാക്കൾക്ക് കോർപ്പറേഷൻ ചെറുതും വലുതുമായിട്ടുള്ള സംരംഭങ്ങൾക്ക് ലോൺ നൽകുന്നുണ്ട്. അതോടൊപ്പം ഗവൺമെന്റ് പൊതുവായി നടപ്പിലാക്കുന്ന സ്റ്റാർട്ടപ്പ് പദ്ധതിയിലും എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരെ

ഉൾപ്പെടുത്തി അത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് യാതൊരു തടസ്സവുമില്ല. അതിനുപുറമെ, എസ്.സി./എസ്.ടി. വകുപ്പിൽ യുവതീയുവാക്കൾക്ക് തൊഴിലും വരുമാനവുമുണ്ടാക്കുന്നതിനായി സ്വയം സഹകരണ സംഘങ്ങളും സൊസൈറ്റികളുമൊക്കെ പ്രവർത്തിച്ചുവരുന്നുണ്ട്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വായ്പ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിന് കൂടുതൽ ബ്രാഞ്ചുകൾ തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിനായി കേന്ദ്ര ഗവൺമെന്റിന്റെ സഹായം എത്രത്തോളം ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഇക്കാര്യത്തെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. തൃശ്ശൂർ ജില്ലയിലാണ് കോർപ്പറേഷന്റെ ഹെഡ് ഓഫീസ് പ്രവർത്തിക്കുന്നത്. ഹെഡ് ഓഫീസുൾപ്പെടെ 17 ഓഫീസുകളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. അതിൽ കിളിമാനൂർ, വണ്ടൂർ, ചേലക്കര എന്നിവിടങ്ങളിൽ മൂന്ന് സബ്ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ ഏറ്റവും കൂടുതലുള്ള ജില്ലകൾ കേന്ദ്രീകരിച്ച് കൂടുതൽ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക

നടപടികൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ മാസം കേന്ദ്ര ഗവൺമെന്റിൽനിന്ന് സാമ്പത്തികസഹായമായി 150 കോടി രൂപ വായ്പ ലഭ്യമാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെ ബജറ്റിൽ കോർപ്പറേഷനുവേണ്ടി എല്ലാ വർഷവും ഒരു നിശ്ചിതസംഖ്യ മൂലധനമായി വകയിരുത്തുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും സഹായത്തോടുകൂടി നമുക്ക് കൂടുതൽ വായ്പകൾ നൽകാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എൻ. കെ. അക്ബർ: സർ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വായ്പാ തിരിച്ചടവിന്റെ കുടിശ്ശിക ഒഴിവാക്കുന്നതിനായി വായ്പയെടുക്കുന്നവർക്ക് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ മരണപ്പെട്ടവരുടെ വായ്പ തിരിച്ചടയ്ക്കാൻ സാധിക്കാതെ പ്രയാസപ്പെടുന്നവർക്കുവേണ്ടി നടപടികൾ സ്വീകരിച്ചുവരുന്ന കാര്യം നേരത്തെ സൂചിപ്പിച്ചിരുന്നു. അതുപോലെ വായ്പ തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലാത്ത കുടുംബങ്ങളെ ഒറ്റത്തവണ കുടിശ്ശിക തീർപ്പാക്കൽ

പദ്ധതി, പ്രത്യാശ വായ്പ്പാ പദ്ധതി എന്നീ പരിപാടികൾ സംഘടിപ്പിച്ച് ഇവരുടെ വായ്പകൾ എഴുതിതള്ളുന്നതിനുവേണ്ടിയുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിന് സർക്കാർ കൊടുക്കുന്നത് മൂന്ന് സെന്റ് ഭൂമിയാണ്. ഈ മൂന്ന് സെന്റ് ഭൂമിക്ക് പ്രസ്തുത കോർപ്പറേഷന്റെ വായ്പ ലഭിക്കില്ല. മിനിമം 5 സെന്റ് ഭൂമിയുണ്ടെങ്കിൽ മാത്രമെ വായ്പ അനുവദിക്കുകയുള്ളൂ. അതോടൊപ്പം ഇത്തരം ഭൂമി വിൽക്കാനും സാധിക്കില്ല. മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ഒരു കേസിൽ, ഒരു കുടുംബത്തിലെ ഭാര്യയ്ക്ക് കുടുംബത്തിൽനിന്ന് ലഭിച്ച ഭൂമിയിൽ വീട് നിർമ്മിക്കണമെങ്കിൽ ടി ഭൂമി വിൽക്കണം. എന്നാൽ അത് വിൽക്കാൻ പെർമിഷനില്ല; മാത്രമല്ല, പ്രസ്തുത ഭൂമി മൂന്ന് സെന്റായതുകൊണ്ട് കോർപ്പറേഷൻ വായ്പയും ലഭിക്കില്ല. അതുകൊണ്ട് അതിനൊരു ഇളവ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാനൊരു അപേക്ഷ നൽകിയിട്ടുണ്ട്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത മൂന്ന് സെന്റ് ഭൂമി വായ്പയായി സ്വീകരിക്കുകയില്ലെന്നുള്ള മാനദണ്ഡം മാറ്റാൻ സാധിക്കുമോ; വിശദമാക്കുമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, നിലവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി വലിയൊരു പ്രയത്നമാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നത്. സഭയിൽ നിരന്തരം ആവശ്യപ്പെടുന്ന വിഷയമാണിത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമിയില്ലെന്നും എല്ലാവർക്കും ഭൂമി ലഭ്യമാക്കണമെന്നുമുള്ള സാഹചര്യം നിലനിലക്കുമ്പോൾതന്നെ ഗവൺമെന്റ് ഭൂമി കൊടുത്തിട്ടുണ്ട്. അങ്ങനെ കൊടുത്ത ഭൂമി വിൽക്കണമെന്നാവശ്യപ്പെട്ട് ചില ഗുണഭോക്താക്കൾ വകുപ്പിനെ സമീപിക്കാറുമുണ്ട്. അത്തരം കാര്യങ്ങൾ പരിശോധിച്ച് അത് വളരെ പ്രധാനപ്പെട്ടതാണെങ്കിൽ, കാൻസർ രോഗംപോലെയുള്ള രോഗങ്ങൾ ബാധിച്ച നിവർത്തിയില്ലാത്ത കുടുംബത്തിന് പ്രത്യേക പെർമിഷൻ നൽകി സ്ഥലം വിൽക്കുന്നതിനുവേണ്ടിയിട്ടുള്ള അനുമതി നൽകിവരുന്നുണ്ട്.

രണ്ടാമത്തെ ചോദ്യം, കാലാനുസൃതമായി കോർപ്പറേഷനിലും പഞ്ചായത്തിലുമുൾപ്പെട്ട ഭൂമിയുടെ വില വർധിച്ചുവരുന്ന സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ, സർക്കാർ ഉത്തരവുപ്രകാരം അനുവദിച്ചിട്ടുള്ള തുകയ്ക്ക് ഭൂമി ലഭിക്കാത്തൊരു സാഹചര്യം നിലവിലുണ്ട്. ഇക്കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

## പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സമഗ്ര കർമ്മ പദ്ധതി

4(*214) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. പി. പി. സുമോദ്:
ശ്രീ. യു. ആർ. പ്രദീപ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സമഗ്ര കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, (എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് പ്രീ-പ്രൈമറിതലം

മുതൽ നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ആയത് അനുബന്ധമായി+ ചേർക്കുന്നു.

കൂടാതെ, വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ ഒരു കർമ്മ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. കർമ്മ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ്, ആരോഗ്യ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, സാംസ്കാരിക-കായിക വകുപ്പ്, വനം, സാമൂഹ്യനീതി വകുപ്പുകളുമായി സഹകരിച്ചാണ് പദ്ധതി രൂപീകരിച്ചത്.

(ബി) കർമ്മ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 3 പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. പട്ടികവർഗ്ഗ വിദ്യാർഥികളുടെ സാർവത്രിക എൻറോൾമെന്റും അവരെ തുടർച്ചയായി സ്കൂളിൽ നിലനിർത്തുന്നതും ഉറപ്പാക്കുക.
2. പട്ടികവർഗ്ഗ വിദ്യാർഥികളുടെ വിജയശതമാനം വർധിപ്പിക്കുക.
3. പട്ടികവർഗ്ഗ വിദ്യാർഥികളുടെ ഗ്രേഡുകളും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും മെച്ചപ്പെടുത്തുക.

---

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവയുടെ സഹകരണത്തോടുകൂടി ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും അതിൻപ്രകാരം നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന പ്രീ-സ്കൂൾ പദ്ധതി ഏറെ മാതൃകാപരമാണ്. സംസ്ഥാനത്ത് എത്ര പ്രീ-സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്നും എത്ര കുട്ടികളുണ്ടെന്നും വിശദമാക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിനും മറ്റ് കാര്യങ്ങൾക്കുമായി നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. 31 പ്രീ-സ്കൂളുകളാണ് കേരളത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. ഏകദേശം 500 കുട്ടികൾ അതിൽ പഠനം നടത്തിവരുന്നുണ്ട്. അതോടൊപ്പം അധ്യയന വർഷത്തിൽ ഒരു കുട്ടിക്ക് പഠനോപകരണങ്ങൾ, യൂണിഫോം, കുട, ബാഗ്, ചെരുപ്പ് എന്നിവ വാങ്ങുന്നതിനായി 3000/- രൂപ പ്രതിവർഷം അനുവദിച്ചുവരുന്നു. മിൽമയുമായി സഹകരിച്ച് പോഷകമൂല്യമുള്ള പാൽ, മുട്ട എന്നിവയും വിതരണം

ചെയ്തുവരുന്നു.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, കുട്ടികളുടെ ഭാഷാ പ്രശ്നം പരിഹരിക്കുന്നതിനായി മെന്റർ ടീച്ചർമാരെ നിയമിക്കാൻ വകുപ്പെടുത്ത തീരുമാനം അങ്ങേയറ്റം അഭിനന്ദനാർഹമാണ്. സംസ്ഥാനത്ത് ഇപ്രകാരം എത്ര ടീച്ചർമാരെ നിയമിച്ചിട്ടുണ്ട് എന്നതുസംബന്ധിച്ച് വ്യക്തമാക്കുമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ചില സ്കൂളുകളിൽ ഭാഷാ പ്രശ്നം ഒരു വിഷയമായി വരാറുണ്ട്. അത്തരം കാര്യങ്ങൾ പരിഹരിക്കാനാണ് 'ഗോത്രബന്ധു പദ്ധതി' പ്രകാരം മെന്റർ ടീച്ചർമാരുടെ നിയമനം നടത്തിയിട്ടുള്ളത്. പാലക്കാട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിലാണ് ഈ നിയമനം നടത്തിയിട്ടുള്ളത്. ആകെ 326 മെന്റർ ടീച്ചർമാരെയാണ് ഇപ്പോൾ നിയമിച്ചിരിക്കുന്നത്. അവർക്ക് പ്രതിദിനം 750/- രൂപയാണ് വേതനമായി നൽകുന്നത്. ശരാശരി ഒരു മാസം 21,900/- രൂപ നിരക്കിൽ അവർക്ക് ഓണറേറിയം ലഭിക്കും. വയനാട് ജില്ലയിൽ 241 പേരും പാലക്കാട് ജില്ലയിൽ 56 പേരും മലപ്പുറം ജില്ലയിൽ 29 പേരുമാണ് ഇപ്പോൾ ജോലി ചെയ്തുവരുന്നത്.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന

വകുപ്പിനുകീഴിൽ എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; അവിടെ എത്ര കുട്ടികളാണ് താമസിച്ച് പഠിക്കുന്നത്; അവർക്ക് നാം നൽകുന്ന മറ്റ് പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 110 പ്രീ-മെട്രിക് ഹോസ്റ്റലുകളിലും 10 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലുമായി 5518 കുട്ടികളാണ് നിലവിൽ പഠനം നടത്തിവരുന്നത്. വകുപ്പിനുകീഴിൽ 22 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലായി 7099 കുട്ടികൾ നിലവിൽ പഠനം നടത്തിവരുന്നുണ്ട്.

ശ്രീ. പി. പി. സുമോദ്: സർ, വിദൂര ഊരുകളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പലപ്പോഴും പൊതുഗതാഗത സംവിധാനമില്ലാത്തതിന്റെ ഭാഗമായി സ്കൂളിലെത്താൻ ചില പ്രയാസങ്ങൾ നേരിടേണ്ടതായി വന്നിട്ടുണ്ട്. അത്തരം വിദ്യാർത്ഥികളെ സ്കൂളിലെത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; സ്കൂൾ പഠനം കഴിഞ്ഞ് വീട്ടിൽവരുന്ന കുട്ടികൾക്ക് പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഡ്രോപ്-ഔട്ട് പ്രശ്നങ്ങൾ ഇടയ്ക്കിടയ്ക്ക് ശ്രദ്ധയിൽപ്പെടാറുണ്ട്. അത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സ്കൂൾ കഴിഞ്ഞ് വീട്ടിൽവരുന്ന കുട്ടികൾക്ക് പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കായി പലതരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 364 പഠനമുറികൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. ടി കേന്ദ്രങ്ങളിൽ നിയോഗിക്കപ്പെട്ടിട്ടുള്ള അധ്യാപകരുടെ സാന്നിധ്യത്തിൽ കുട്ടികൾക്ക് വൈകുന്നേരം ഭക്ഷണം നൽകുകയും അവരെ രണ്ട് മണിക്കൂർ പഠിപ്പിക്കുകയും ചെയ്യുന്നൊരു രീതി ഇപ്പോൾ അവലംബിച്ചുവരുന്നുണ്ട്. അങ്ങനെ പഠിപ്പിക്കുന്ന അധ്യാപകർക്ക് 15000/- രൂപയാണ് പ്രതിമാസം ഓണറേറിയം നൽകിവരുന്നത്. അതുകൂടാതെ, ഇത്തരം സാമൂഹ്യ പഠനമുറിയിൽ എൽ.ഇ.ഡി. കണക്ടിവിറ്റി ഉൾപ്പെടുത്തി അവർക്ക് കൂടുതൽ പഠനം ലഭ്യമാക്കുന്നതിനുള്ള നടപടിയും ഇപ്പോൾ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. 364 സാമൂഹ്യ പഠനമുറികളിലൂടെ ഏകദേശം ഏഴായിരത്തോളം വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം നിലവിൽ ലഭിക്കുന്നുണ്ട്.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, നമ്മുടെ നാട്ടിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളെ പൈലറ്റാക്കുന്നതിന് ശ്രമം നടത്തിയ സർക്കാർ നടപടിയെ രാജ്യമെമ്പാടും ശ്രദ്ധിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് ആ കുട്ടികൾക്ക് തുടർന്ന് പഠിക്കുന്നതിനുവേണ്ടി എന്തെല്ലാം ധനസഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് "വിങ്സ്" എന്ന പേരിലുള്ള ഒരു പദ്ധതിയാണ് ഗവൺമെന്റ് നടപ്പാക്കിവരുന്നത്. പൈലറ്റുമാരാകാനും എയർഹോസ്റ്റസാകാനും താൽപര്യമുള്ള കുട്ടികളെ ഏവിയേഷനുമായി ബന്ധപ്പെട്ട് സ്ക്രീനിങ് നടത്തിയാണ് തിരഞ്ഞെടുക്കുന്നത്. അങ്ങനെ തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് 25 ലക്ഷം രൂപയാണ് ടി പദ്ധതിയിൽ അനുവദിക്കുന്നത്. അത്തരത്തിൽ നേരത്തെ തിരഞ്ഞെടുത്ത ഒരു കുട്ടിക്ക് നിലവിൽ കോഴ്സ് പൂർത്തിയാക്കി ജോലിയിൽ പ്രവേശിക്കാൻ സാധിച്ചിട്ടുണ്ട്. രണ്ടാമത്തെ കുട്ടിയെ തിരഞ്ഞെടുക്കുകയും അതിനാവശ്യമായ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആ കുട്ടി അഡ്മിഷൻ എടുക്കുകയും പരിശീലനത്തിലേക്ക് പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, എം.ആർ.എസ്. സ്കൂളുകൾ (മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ) എന്നത് ട്രൈബൽ വിദ്യാർത്ഥികളെ സംബന്ധിച്ച് ഏറ്റവും വലിയ പ്രതീക്ഷയുള്ളൊരു ഘടകമാണ്. എം.ആർ.എസ്. സ്കൂൾ കഴിഞ്ഞ് ഡ്രോപ്-ഔട്ട് വരികയാണ്. അതോടൊപ്പം യു.പി., ഹൈസ്കൂളുകളിലും വലിയ രീതിയിലുള്ള ഡ്രോപ്-ഔട്ട് വരുന്നുണ്ട്. എം.ആർ.എസ്. സ്കൂൾ മോഡലിൽ പഠിക്കാനുള്ള റെസിഡൻഷ്യൽ കോളേജുകൾ ട്രൈബൽ വിദ്യാർത്ഥികൾക്ക് ലഭിച്ചാൽ തുടർപഠനം അതുപോലെ കൊണ്ടുപോകാനും അതുകഴിഞ്ഞ് ജോലി ലഭ്യമാക്കാനുള്ള നടപടികളിലേക്കുള്ള കൃത്യമായ ഒരു ആസൂത്രണമായിരിക്കും അത്. അത്തരമൊരു പദ്ധതിയെക്കുറിച്ച് സർക്കാർ ആവിഷ്കരിക്കുമോ; ആലോചിക്കുമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, അത്തരം കാര്യങ്ങൾ ഗവൺമെന്റ് പരിശോധിച്ചുവരുന്നു. സ്വാഭാവികമായും എം.എൽ.എ. ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ശരിയാണ്. പത്താം ക്ലാസ് കഴിഞ്ഞുള്ള ചില ഡ്രോപ്-ഔട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി 'ഗിരിവികാസ്' പദ്ധതിപോലുള്ള അഡീഷണൽ സ്കൂൾ ആരംഭിക്കുകയും

പത്താം ക്ലാസ് കഴിഞ്ഞതിനുശേഷം സ്കൂളിലെത്താത്ത കുട്ടികളെ കണ്ടെത്തി പ്രസ്തുത കേന്ദ്രത്തിൽ പഠനത്തിന് വിധേയമാക്കി പ്ലസ് ടു തലത്തിലേക്ക് ഉയർത്തുന്ന ഒരു നടപടിയാണ് നമ്മളിപ്പോൾ ചെയ്തുവരുന്നത്. അതിനുപുറമെ എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ, പ്ലസ് ടു കഴിഞ്ഞാൽ ഉന്നത വിദ്യാഭ്യാസത്തിന് പോകാത്തതുസംബന്ധിച്ച് ചില വിഷയങ്ങളുണ്ട്. അത്തരം കാര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി "ഉന്നതി സ്കോളർഷിപ്പ്" നൽകി എണ്ണൂറോളം കുട്ടികളെ വിദേശരാജ്യങ്ങളിൽ അയച്ച് കൂടുതൽ നല്ല കോഴ്സുകൾ പഠിപ്പിക്കുകയും അവിടെത്തന്നെ അവർക്ക് ജോലി ലഭിക്കുന്നതിനുവേണ്ടിയുള്ള സാഹചര്യം സൃഷ്ടിച്ചുകൊണ്ടിരിക്കുകയുമാണ്. കേരളത്തിൽ അത്തരം യൂണിവേഴ്സിറ്റികൾ ആരംഭിക്കുന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ചർച്ച ചെയ്തിട്ടുള്ള ഒരു വിഷയമാണ്. അത്തരം കാര്യങ്ങൾ തുടങ്ങാൻ സാധിക്കുമോ എന്നുള്ള കാര്യം നിലവിൽ പരിശോധിച്ചുവരികയാണ്.

## ഭൂരഹിത-ഭവനരഹിത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ഭവന പദ്ധതി

5(*215) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത-ഭവനരഹിത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എത്ര രൂപയാണ് ഭവന പദ്ധതിവഴി നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന തുക കുറവായതുമൂലം നിരവധി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീട് പൂർത്തീകരിക്കാൻ സാധിക്കാത്ത അവസ്ഥയുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) എങ്കിൽ ഇതുപരിഹരിക്കാൻ പ്രസ്തുത പദ്ധതിയിൻകീഴിൽ അനുവദിക്കുന്ന തുക ഭൂരഹിതർക്ക് 15 ലക്ഷവും ഭവനരഹിതർക്ക് 10 ലക്ഷവും ആയി ഉയർത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, (എ) ഭൂരഹിത-ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ മുഖേന 4,00,000/- (നാല് ലക്ഷം) രൂപ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗ ഉന്നതികൾക്കുള്ളിലും ഉന്നതികളോട് ചേർന്നുവരുന്ന പ്രദേശത്തും അതീവ ദുർഘട പ്രദേശത്തും താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി 6,00,000/- (ആറ് ലക്ഷം) രൂപ ലൈഫ് മിഷൻ മുഖേന അനുവദിക്കുന്നുണ്ട്. ആദിവാസി പുനരധിവാസ മിഷൻ മുഖേന ഭൂമി ആർജ്ജിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനും പ്രസ്തുത പദ്ധതി പ്രകാരം 6,00,000/- (ആറ് ലക്ഷം) രൂപ അനുവദിക്കുന്നുണ്ട്.

(ബി) ഭൂരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി 3 മുതൽ 5 സെന്റ് വരെ ഭൂമി വാങ്ങുന്നതിനായി ഭൂരഹിത പുനരധിവാസ പദ്ധതി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ കുറഞ്ഞത് 5 സെന്റ് വാങ്ങുന്നതിന് 3,75,000/- (മൂന്ന് ലക്ഷത്തി

എഴുപത്തി അയ്യായിരം) രൂപയും മുനിസിപ്പാലിറ്റി പരിധിയിൽ 3 സെന്റ് വാങ്ങുന്നതിന് 4,50,000/- (നാല് ലക്ഷത്തി അമ്പതിനായിരം) രൂപയും കോർപ്പറേഷൻ പരിധിയിൽ 6,00,000/- (ആറ് ലക്ഷം) രൂപയും പട്ടികജാതി വികസന വകുപ്പ് മുഖേന അനുവദിക്കുന്നു. ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി വാങ്ങുന്നതിന് ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള തുക അനുവദിക്കുന്നില്ല. എന്നാൽ വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി ജില്ലാ കളക്ടർമാർ മുഖേന വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നു. ലൈഫ് മിഷനിൽ ഉൾപ്പെടുത്തിയും ഭൂരഹിത ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി അനുവദിക്കുന്നുണ്ട്. കൂടാതെ ഭവന പൂർത്തീകരണത്തിനായി പട്ടികജാതി വിഭാഗങ്ങൾക്കായി 2,00,000/- (രണ്ട് ലക്ഷം) രൂപയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി 2,50,000/- (രണ്ടര ലക്ഷം) രൂപയും അനുവദിക്കുന്ന സേഫ് പദ്ധതിയും നടപ്പിലാക്കിവരുന്നു.

(സി) പ്രസ്തുത വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, പട്ടികജാതി വിഭാഗക്കാർക്ക്

ഭവന പദ്ധതിക്കായി തുക വകയിരുത്തുന്നുണ്ടെങ്കിലും ചെലവഴിച്ച് കാണുന്നില്ല. 2019 മുതൽ ഈ സാമ്പത്തികവർഷം വരെ 802 കോടി രൂപ അനുവദിച്ചതിൽ ചെലവാക്കിയിട്ടുള്ളത് 509 കോടി രൂപ മാത്രമാണ്. എന്തുകൊണ്ടാണ് തുക അനുവദിച്ചെങ്കിലും ചെലവാക്കാൻ സാധിക്കാത്തത്? സർക്കാർ പല ഘട്ടങ്ങളിലും തുക തിരിച്ചെടുത്തതായും കാണുന്നുണ്ട്. 2021-22 വർഷത്തിലും 140 കോടി രൂപ സർക്കാർ തിരിച്ചെടുത്തതായി പറയുന്നുണ്ട്. ഈ വർഷം 28 കോടി രൂപയും ചെലവഴിക്കാൻ സാധിച്ചിട്ടില്ല; അത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, 2016 മുതൽ കേരളത്തിൽ 'ലൈഫ് പദ്ധതി' പ്രകാരമാണ് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വീട് ലഭ്യമാക്കിവരുന്നത്. അതുപ്രകാരം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അത്തരം ഫണ്ട് തിരിച്ചെടുത്തിട്ടില്ല. അതേസമയം മൂന്ന് ഘട്ടമായാണ് ഈ ലൈഫ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ആദ്യഘട്ടത്തിൽ ഒന്നാം കാറ്റഗറി നമ്പറിൽ പണി പൂർത്തീകരിക്കാത്ത 19121 വീടുകളാണ് അനുവദിച്ചിട്ടുള്ളത്. പുതിയതായി 114610 വീടുകൾ അനുവദിച്ചിട്ടുണ്ട്. അതിൽ 96842 വീടുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വിഷയം ചൂണ്ടിക്കാണിച്ചത്

ശരിയാണ്. ഫണ്ട് തിരിച്ചെടുത്തിട്ടില്ലെങ്കിലും സമയബന്ധിതമായി അവരുടെ വീടുകൾ പൂർത്തീകരിക്കപ്പെടുന്നില്ലെന്ന വിഷയമാണ് നിലനിൽക്കുന്നത്. പല സ്ഥലത്തും പട്ടികവർഗ വിഭാഗത്തിന്റെ സൊസൈറ്റികൾതന്നെ ചില വീടുകൾ നിലവിൽ ഏറ്റെടുത്തുവരുന്നുണ്ട്. ചിലത് നേരിട്ട് എറ്റെടുക്കാൻ സാധിക്കാത്തതിനാൽ പല വ്യക്തികളേയും വീടിന്റെ നിർമ്മാണം ഏൽപ്പിക്കുന്നുണ്ട്. അതിലുണ്ടാകുന്ന കാലതാമസമാണ് നിലവിൽ ഇത് സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്ന സാഹചര്യമുണ്ടാക്കുന്നത്. അക്കാര്യങ്ങൾ കർശനമാക്കുന്നതിനുവേണ്ടി ഒരു നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് വകുപ്പ് ആലോചിച്ചുവരികയാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പരാമർശിച്ചത് അങ്ങുതന്നെ നൽകിയ ഒരു മറുപടിയാണ്; എന്റെ മറുപടിയല്ല. ഏതായാലും ഈ വർഷം ഇതുവരെ എത്ര രൂപ അനുവദിച്ചു; എത്ര രൂപ ചെലവഴിച്ചു; അതുപോലെതന്നെ എത്ര വീടുകൾ ലൈഫ് പദ്ധതിയിൽ പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർക്ക് ലഭിക്കാൻ അർഹതയുണ്ട്; നാളിതുവരെ എത്ര നൽകാൻ സാധിച്ചു; വിശദമാക്കാമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, അതിന്റെ കണക്ക് ഇപ്പോൾ

ക്രമീകരിച്ചിട്ടില്ല. പിന്നീട് പ്രത്യേകമായി ചോദിച്ചാൽ നൽകുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി ഗവൺമെന്റ് എല്ലാ വർഷവും സമയബന്ധിതമായി അനുവദിക്കുന്നുണ്ട്. പക്ഷെ അത് ഗവൺമെന്റ് ഏജൻസികളെയാണ് ഏൽപിക്കുന്നത്. ഗവൺമെന്റ് ഏജൻസികൾ ടെൻഡർ ചെയ്തുകഴിഞ്ഞാണ് ലൈസൻസുള്ള കരാറുകാരൻ ടെൻഡർ എടുക്കുന്നത്. അനുവദിച്ച പദ്ധതികളൊക്കെ പാതി വഴിയിലാണെന്ന് പരിശോധിച്ചാൽ അറിയാൻ സാധിക്കും. ഗവൺമെന്റ് പണം അനുവദിക്കുന്നില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. മറ്റൊരു കാര്യം, ഭവന നിർമ്മാണ പദ്ധതി സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് സൊസൈറ്റികളാണ് വായ്പ എടുക്കുന്നതെന്നാണ്. ഐ.ടി.ഡി.പി. (Indian Tribal Development Project) വായ്പയിൽ ഒന്നും രണ്ടും മൂന്നും നാലും ഗഡുക്കൾ ഓരോ സ്റ്റേജായിട്ടാണ് കൊടുക്കുന്നത്. അതിന്റെ കംപ്ലീറ്റ് സർട്ടിഫിക്കറ്റ് കൊടുത്താൽപോലും ഈ സൊസൈറ്റികൾക്ക് പണം കൊടുക്കാത്ത സാഹചര്യങ്ങളുണ്ട്. ഇത്തരം പ്രതിസന്ധികൾ പരിഹരിക്കുന്നതിനും ചർച്ച ചെയ്യുന്നതിനുംവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഒരു അവലോകന യോഗം ജില്ലാ തലത്തിലോ സംസ്ഥാന തലത്തിലോ

വിളിച്ചുചേർത്താൽ നല്ലതായിരിക്കും.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഞാൻ മന്ത്രിയായി ചുമതലയെടുത്തിനുശേഷം ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി എല്ലാ ജില്ലയിലും ഇതുസംബന്ധിച്ച് പരിശോധനയും സിറ്റിങ്ങും നടത്തിയിരുന്നു. അതുപ്രകാരം എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ പലതും നമുക്ക് ആരംഭിക്കാനോ സമയബന്ധിതമായി പൂർത്തീകരിക്കാനോ സാധിച്ചിട്ടില്ലെന്ന കാര്യങ്ങളും ബോധ്യപ്പെട്ടിട്ടുണ്ട്. അക്കാര്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി ജില്ലാ തലത്തിലുള്ള റിവ്യൂ മീറ്റിംഗിൽ ഒരു കർശന നിർദേശം നൽകിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ പുരോഗതി കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അത് കുറെക്കൂടി വേഗത്തിലാക്കുന്നതിനുവേണ്ടിയാണ് നിലവിലുള്ള അംബേദ്കർ പദ്ധതിയുടെ ഉത്തരവിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുള്ളത്. കാര്യപ്രാപ്തിയുള്ള ഏജൻസികളെ ഏൽപ്പിച്ച് സമയബന്ധിതമായി പ്രവൃത്തി ചെയ്യിക്കുന്നതിനുള്ള പൂർണ്ണ അധികാരം എം.എൽ.എ.-മാർക്കുതന്നെ കൊടുത്തിട്ടുണ്ട്. അതോടൊപ്പംതന്നെ ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിനും യോഗം വിളിച്ചുചേർക്കുന്നതിനുംവേണ്ടി

പല എം.എൽ.എ.-മാരും പ്രത്യേകം കത്ത് തന്നിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ പൊതുവായി ഒരു അവലോകനയോഗം വിളിക്കുന്നതിന് തടസ്സമില്ല. അത്തരം കാര്യങ്ങൾ പരിശോധിക്കാം.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി പല പദ്ധതികൾ പ്രഖ്യാപിക്കുന്നുണ്ട്. പക്ഷേ, അതിന്റെ പ്ലാൻ ഫണ്ട് വിനിയോഗം ഒന്നുംതന്നെ നടക്കുന്നില്ല. കഴിഞ്ഞ വർഷം 42 കോടി രൂപയാണ് മാറ്റിവച്ചത്. പക്ഷെ 9 കോടി രൂപ മാത്രമെ ചെലവാക്കിയിട്ടുള്ളൂ. എന്തുകൊണ്ടാണ് ഇത്രയും കാലതാമസം വരുന്നതെന്ന് വിശദമാക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, അതുസംബന്ധിച്ചാണ് ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചത്. കാലതാമസം ഉണ്ടാകുന്നുവെന്നതല്ല; പല ഏജൻസികളും ഏറ്റെടുത്ത വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാത്ത സ്ഥിതിയാണുള്ളത്. ഗുണഭോക്താവിന് വീടുകൾ കൊടുത്തുകഴിഞ്ഞാൽ വിശ്വാസയോഗ്യമായിട്ടുള്ള ഏതെങ്കിലും ഒരാളെ ഏൽപ്പിക്കുന്ന ഒരു രീതിയാണ് പൊതുവെ കണ്ടുവരുന്നത്. പക്ഷെ അങ്ങനെ ഏറ്റെടുക്കുന്ന ആൾക്കാരും അത് സമയത്തിന് പൂർത്തീകരിച്ച് കൊടുക്കുന്നില്ല. ഇങ്ങനെയുള്ള കാലതാമസമാണ് യഥാസമയം വീട് പൂർത്തീകരിക്കുന്നതിനും

അനുവദിച്ച ഫണ്ട് സമയബന്ധിതമായി ചെലവഴിക്കാനും സാധിക്കാതെ വരുന്നതിനുള്ള കാരണം. ഇത്തരം വിഷയങ്ങൾ നിരന്തരം വരുന്നതുകൊണ്ട് ഇക്കാര്യങ്ങൾ എങ്ങനെ പരിശോധിക്കാമെന്നും പരിഹരിക്കാമെന്നുമുള്ള കാര്യങ്ങൾ വകുപ്പുതന്നെ വളരെ ഗഹനമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ജോയി: സർ, വീടുകളുടെ കാര്യത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. പ്രധാനമായും പുനരുദ്ധാരണത്തിനുവേണ്ടി നമുക്ക് കൂടുതൽ തുക ചെലവഴിക്കാൻ സാധിക്കുക എന്നുള്ളതാണ്. അതിന്റെ കാലാവധി കുറയ്ക്കാൻ സാധിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, പുനരുദ്ധാരണത്തിനുവേണ്ടി "സേഫ്" എന്ന പദ്ധതിയിലുൾപ്പെടുത്തി എസ്.സി. വിഭാഗത്തിന് രണ്ടുലക്ഷം രൂപയും എസ്.ടി. വിഭാഗത്തിന് രണ്ടരലക്ഷം രൂപയുമാണ് വകുപ്പ് നൽകുന്നത്. അതിന് ആനുപാതികമായി ഒരു ഫണ്ട് ഈ സാമ്പത്തിക വർഷം ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആ പദ്ധതി തുടരുന്നതാണ്. അതിനുപുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അത്തരം പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. (ചോദ്യോത്തര സമയം കഴിഞ്ഞു.)